മഹത്തായ ഉ-ാംവാരം
കോട്ടയം
ന്യൂ തീയേറററിൽ
ഇന്നു രാത്രി
പീതാംബരം, ലളിതാദേവി, മാത്തപ്പൻ മുതലായവരഭിനയിച്ച
വെള്ളിനക്ഷത്രം
മലയാള ചിത്രം

പ്രഭാതപ്പതിപ്പ്. Reg. No. T 174. Licence No. 365. dated 26—2—194 വില 2 ചക്രം

ദേശബന്ധു

Editor-in-Chief:- K. N. Sankunni Pillai B. A. & B. L.

കോട്ടയം
സെൻട്രലിൽ
ഇന്നുരാത്രി
മനുവാർ സുൽത്താനാ,
സുരേന്ദ്ര, ജ്ഞാനവാസ്
മുതലായവരഭിനയിച്ച
'എലാൻ'
അത്ഭുതമായ ഹിന്ദിചിത്രം
വരു ! രത്നൻ

Vol. 1 | കോട്ടയം 1949 ഫെബ്രുവരി 20-ാംനു- — 1124 കുംഭം 9—ാംനു- ഞായർ പേജ് 4 | No 280

സി. പി. സ്മാരകങ്ങൾ

കത്തോലിക്കാ ബിഷപ്പന്മാർ തങ്കത്തകിടിൽ സർ. സി. പി. ക്ക് സമ്മാനിച്ച മംഗളപത്രം ഇപ്പോഴും മ്യൂസിയത്തിൽ ഇരിക്കുകയാണോ?-ശ്രീ. മന്നം

ഉത്തരം പറയണമെന്നു് പ്രസിഡണ്ട്

നിയമസഭാ നടപടികൾ—ആറാം ദിവസം

(സ്വന്തം പ്രതിനിധി)

തിരുവനന്തപുരം, കുംഭം 8

നിയമസഭ ഇന്നു രാവിലെ 11 മണിക്കു ശ്രീ: ആർ. വി. തോമസ്സിന്റെ അദ്ധ്യക്ഷതയിൽ കൂടി. പതിവുപോലെ ആദ്യത്തെ ഒരു മണിക്കൂർ ചോദ്യോത്തരങ്ങൾ നടന്നു.

മി. വി. കെ. വറുഗീസ്—സർ. സി. പി. രാമസ്വാമി അയ്യരുടെ പ്രതിമകൾ എടുത്തുമാററണമെന്നു് ഗവ: നു് വല്ലനിവേദനവും ലഭിച്ചിട്ടുണ്ടോ?

പ്ര. മ.— തിരുവനന്തപുരം കാർപ്പറേഷനിൽനിന്നും തമ്പാനൂർ സർ. സി. പി. സത്രത്തിനു മുൻചശമുണ്ടായിരുന്ന പ്രതിമ എടുത്തുമാററണമെന്നു് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

ചോദ്യം— ആരാണു് ആ പ്രതിമ മാററിയതു്.

പ്ര. മ.— ആരോ രാത്രിയിൽ അതിനെ ഇടിച്ചുതകർക്കുകയും അതിനെത്തുടർന്നു് ഗവ; എടുത്തു മാററുകയും ചെയ്തു

മി. മന്നം;— ഈ രാജ്യത്തിന്റെ പല ഭാഗങ്ങളിലുമുള്ള സർ. സി പിയുടെ സ്മാരകങ്ങൾ മാററുമോ?

പ്രസി;— ആ ചോദ്യം ഉദിക്കില്ല.

മി മന്നം:—കത്തോലിക്കാ ബിഷപ്പന്മാർ തങ്കത്തകിടിൽ സർ. സി. പി. ക്കു സമ്മാനിച്ച മംഗളപത്രം ഇപ്പോഴും മ്യൂസിയത്തിൽ ഇരിക്കുകയാണോ?

പ്രസ്;— അതിനുത്തരം പറയണമോ

മി. വി കെ വറുഗീസിന്റെ ഒരു ചോദ്യത്തിനുത്തരമായി 123—ൽ 35770 തോലാ സ്വർണ്ണം 48,28,660 രൂപാക്കു ഗവണ്മെന്റു വിററിട്ടുണ്ടെന്നും മദ്രാസിലെ സ്റ്റാൻഡ്ബ്രോക്കേഴ്സായ മെ. ചിത്രാ അൻഡ് കമ്പനിയാണു് സ്വർണ്ണക്കട്ടി വിററതെന്നും അന്നങ്ങനെയിരുന്നു മാർക്കററു വിലക്കു് ബോംബെ മാർക്കററിൽ വിൽക്കുകയാണുണ്ടായതെന്നും മന്ത്രി മി. ജാൺ പ്രസ്താവിച്ചു. അതിനെസ്സംബന്ധിച്ചുണ്ടായ ഉപചോദ്യങ്ങൾക്കു് മി. ജാൺ നൽകിയ മറുപടിയിൽ താഴെക്കാണുന്ന വസ്തുതകൾ വ്യക്തമാക്കുകയുണ്ടായി. [illegible] സ്വർണ്ണക്കട്ടി വിററവകയിൽ [illegible] തോലക്കു് [illegible]രണമായിതം ബ്രോക്കേഴ്സിനു് കമ്മീഷൻ കൊടുത്തിട്ടുണ്ടു് ഇക്കാര്യത്തിൽ ടെൻഡർ വിളിക്കുന്ന പതിവില്ല. ഇതിനു മുമ്പും ഇങ്ങിനെ സ്വർണ്ണക്കട്ടി വിൽക്കുന്ന പതിവുണ്ടു്. സ്വർണ്ണം വിററ അവസരത്തിൽ വില കൂടുതലായിരുന്നതു കൊണ്ടു് അന്നു് വിററാൽ ഗവ: നു് ലാഭം ഉണ്ടാകുമെന്നു കരുതിയും അരിവാങ്ങുവാനു പണം ഇല്ലാതിരുന്നതുകൊണ്ടുമാണു് സ്വർണ്ണം വിററതു്. അങ്ങിനെ വിററവകയിൽ ഗവ:നു് രണ്ടരലക്ഷം രൂപാ ലാഭം കിട്ടിയിട്ടുണ്ടു്. ഇപ്പോൾ സ്വർണ്ണത്തിന്റെ വില അന്നത്തേക്കാൾ കുറവാണു്. ഇപ്പോൾ ഗവണ്മെൻറിന്റെ പക്കൽ ഒരു ലക്ഷത്തിൽ പരം രൂപയുടെ വെള്ളിയുണ്ടു്.

മി. പൊന്നറ—ഒരു രാഷ്ട്രം സ്വതന്ത്രമായി നിൽക്കുന്നേടത്തു സ്വർണ്ണം സൂക്ഷിക്കേണ്ട ആവശ്യമുള്ളവെന്നറിയാമോ?

മി. ജാൺ:—ഇനു ഗവ: സ്വർണ്ണം സൂക്ഷിക്കണമെന്നില്ല.

മി. പൊന്നറ:—സർ. സി: പി. യുടെ സ്വതന്ത്ര തിരുവിതാംകൂർ കക്ഷി തത്ത്വമല്ലയോ ഈ സ്വർണ്ണം വാങ്ങിയതു്.

മന്ത്രി:—122-ൽ 35,770 തോല സ്വർണ്ണം വാങ്ങുകയുണ്ടായി

മി. വി.കെ. വറുഗീസിന്റെ മറെറാരു ചോദ്യത്തിനു് എച്ച്. എ. സി. ററി. ഫാറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ റയൺസ് എന്നീ കമ്പനികളിൽ 150 രൂപായിൽ കൂടുതൽ പ്രതിമാസം ശമ്പളം കിട്ടുന്നതായി യഥാക്രമം 102-ം 13-ം 10-ം ഉദ്യോഗസ്ഥന്മാരുണ്ടെന്നും അതിൽ യഥാക്രമം 52-ം 12-ം 1-ം തിരുവിതാംകൂർകാരാണെന്നും ഉത്തരംകൊടുത്തു.

ചോദ്യം: — ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെൻറിലെ പെൻഷനില്ലാത്ത ഉദ്യോഗസ്ഥന്മാരാരെല്ലാം.

മന്ത്രി മി: ഇലങ്കത്തു്:—ഡിസ്ട്രക്ട് ആഫീസറന്മാരും ഭൂരിപക്ഷം ഇൻസ്പെക്ടറന്മാരുമൊഴിച്ചു് ബാക്കി എല്ലാവരും പെൻഷനില്ലാത്തവരാണു്.

ചോദ്യം:—അവർക്കു് സംഘടനാസ്വാതന്ത്ര്യം അനുവദിക്കണമെന്നു് അവർ അപേക്ഷിച്ചിട്ടുണ്ടോ.

മന്ത്രി:—ഉണ്ടു്.

ചോദ്യം:—അവർക്കു് പെൻഷൻ അനുവദിക്കുകയോ ഡേഡ്യൂണിയൻ ആക്ട് അനുസരിച്ചു് സംഘടിക്കുവാൻ അനുവദിക്കുകയോ ചെയ്യുമോ?

മന്ത്രി:—അതു് ആലോചനയിലിരിക്കുകയാണു്.

മി ചെല്ലപ്പൻപിള്ള:—റയിവേജീവനക്കാരുടേതിനു തുല്യമായ ശമ്പളം ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റിൽ നൽകുമോ?

മന്ത്രി:—അതു് സാദ്ധ്യമല്ല.

മി. പൊന്നറ:—അവർ പ്രത്യക്ഷസമരം തുടങ്ങിയാലേ അവരുടെ അവകാശങ്ങൾ അനുവദിച്ചു കൊടുക്കുകയുള്ളുവെന്നുണ്ടോ?

മന്ത്രി:—അങ്ങിനെ ഗവർമ്മെന്റിനു് ഉദ്ദേശമില്ല.

ചന്ദ്രിക എന്ന ഒരു കപ്പൽ വിഴിഞ്ഞത്തു് മത്സ്യംപിടിക്കുന്നതിനായി ഉപയോഗിക്കുന്നുണ്ടെന്നും അതിനു് 32,500 രൂപാ വിലയും അതിന്റെ അററകുററം തീർക്കുന്നതിനു് 8,000 രൂപാ ചിലവുമായിട്ടുണ്ടെന്നും ഒരു ചോദ്യത്തിനുത്തരമായി മന്ത്രി മി. മർക്കോസ് പ്രസ്താവിച്ചു.

മി. നടരാജപിള്ള:—അതു് തിരുവിതാംകൂർ ഗവർമ്മെന്റു വകയായി ഗവർമ്മെന്റു് നേരിട്ടു് പ്രവർത്തിപ്പിക്കുകയാണോ, അതോ മററു വല്ല ഏജന്സിയുമാണോ പ്രവർത്തനം നടത്തുന്നതു്.

മന്ത്രി:—കപ്പൽ ഗവർമ്മെന്റിന്റെ വകയാണു്. ഇൻഡ്യാഗവർമ്മെന്റിന്റെ സഹായത്തോടുകൂടി ഗവർമ്മെൻറിന്റെ മറീൻബയോളജി ഡിപ്പാർട്ടുമെൻറിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണു് അതു പ്രവർത്തിക്കുന്നതു്.

മി. പൊന്നറ:—മറീൻബയോളജി ഡയറക്ടർ ഡാ: സി. സി. ജോണിനെപ്പററി പരാതികൾ കിട്ടിയിട്ടില്ലേ.

മന്ത്രി:—ഇല്ല.

മി. കൃഷ്ണശാസ്ത്രി:—മദ്യനിരോധനം നടപ്പിലാക്കിയ പ്രദേശങ്ങളിൽ തൊഴിലില്ലായ്മ പരിഹരിക്കുവാനായി ഗവർമ്മെന്റു് എന്തു ചെയ്തിട്ടുണ്ടു്.

മന്ത്രി ഡാ: മാധവൻ:—ഇപ്പോൾ മദ്യനിരോധനം നടപ്പിൽ വന്നിട്ടുള്ള പ്രദേശങ്ങളിൽ ഇപ്പോഴും ചെത്തു നടക്കുന്നുണ്ടു്. അവിടങ്ങളിൽ അക്കാനി എടുത്തു് കരുപ്പുകട്ടി ഉണ്ടാക്കുന്നുണ്ടു്. കരുപ്പുകട്ടിവ്യവസായം സഹകരണസംഘങ്ങൾ മുഖേന പ്രോത്സാഹിപ്പിക്കുന്നതിനു് ഗവർമ്മെന്റു് വേണ്ടതു ചെയ്യുന്നുണ്ടു്.

മി: പി. എസ്: നടരാജപിള്ളയുടെ ഒരു ചോദ്യത്തിനുത്തരമായി 1948 ഒക്ടോബർ, നവമ്പർ, ഡിസംബർ എന്നീ മാസങ്ങളിൽ തിരുവിതാംകൂറിലേയ്ക്കു യഥാക്രമം 1309-ം 1322-ം 1828-ം ബയിൽ നു് അനുവദിച്ചിരുന്നുവെന്നും അതിൽ യഥാക്രമം 1276-ം, 679-ം, 1034-ം ബയിലുകൾ ഇവിടെ ഇറക്കുമതി ചെയ്തിട്ടുണ്ടെന്നും 124-ൽ കൈത്തറിനെയ്ത്തു സാധനങ്ങൾ തിരുവിതാംകൂറിൽ നിന്നും കയററി അയയ്ക്കുവാനു പെർമിററുകൾ നൽകിയിട്ടുണ്ടെന്നും ഇൻഡ്യനയൂണിയനു പ്രദേശങ്ങളിൽ കൈത്തറിവസ്ത്രങ്ങൾ കൊണ്ടുപോകുന്നതിനു് യാതൊരു നിയന്ത്രണവുമില്ലെന്നും ഡാ: മാധവൻ പ്രസ്താവിച്ചു.

മി: പി. എസ്:—കൈത്തറിനെയ്ത്തുതൊഴിലാളികളുടെയിടയിൽ തൊഴിലില്ലായ്മ വർദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഗവ: നു് അറിയാമോ.

മന്ത്രി:—അതു് ഗവ: ന്റെ പരിഗണനയിലിരിക്കുകയാണു്.

പി. എസ്.—എന്തുകൊണ്ടാണു് നവംബറിലേയും ഡിസംബറിലേയും മുഴുവൻ കോട്ടയും ഇറക്കുമതി ചെയ്യാത്തതു്.

മന്ത്രി:—കച്ചവടക്കാർ വരുത്തിയില്ല

മി. പി. എസ്—മുഴുവൻകോട്ടയും കച്ചവടക്കാർ വരുത്തുവാൻ ഗവ: ആവശ്യപ്പെട്ടോ?

മന്ത്രി—തീർച്ചയായും അങ്ങിനെ ചെയ്യുന്നതാണു്:

മി: കെ കെ. ചെല്ലപ്പൻപിള്ള:—ഇവിടെ 20-ം 40-ം നമ്പർ നൂലുകളാണു് കൂടുതൽ ആവശ്യമെന്നു് ഗവ: നു് അറിയാമോ?

ഡാ:—അറിയാം.

മി. പി. ഗോപാലൻ—ആയുർവേദത്തിനു് പ്രോത്സാഹനം നൽകുക എന്നതാണോ ഗവ: ന്റെ നയം.

ഡാ: മാധവൻ—അതെ.

മി. കൃഷ്ണനയ്യപ്പൻ—തിരുവിതാംകൂറിലെ എല്ലാ പകുതികളിലും മിഡ് വൈഫുകളെ നിയമിക്കുന്നതിനു് വല്ലപദ്ധതിയുമുണ്ടോ?

ഡാ. മാധവൻ—ഉണ്ടു് അതനുസരിച്ചു് 101 മിഡ്വൈഫുകളെ ഇപ്പോൾ പരിശീലിപ്പിച്ചുവരികയാണു്.

മി. കണ്ണാറ ഗോപാലപ്പണിക്കർ—ഇപ്പോൾ തിരുവിതാംകൂറിൽ എത്ര വില്ലേജ് യൂണിയനുകളുണ്ടു്.

മി. കുഞ്ഞുരാമൻ—197

മി: പണിക്കർ—എന്തു തത്ത്വത്തിന്മേലാണു് വില്ലേജ് യൂണിയനുകൾ സ്ഥാപിക്കുന്നതു്.

മന്ത്രി—കുറഞ്ഞതു് 350 രൂപായെങ്കിലും വരുമാനം ഉണ്ടായിരിക്കുമെന്നുള്ള സ്ഥലങ്ങളിലാണു് സാധാരണ വില്ലേജ്യൂണിയനുകൾ അനുവദിക്കുന്നതു്.

മി. കുമാരനാശാരി—കോട്ടയം താലൂക്കിൽ എത്ര ഗ്രാമോദ്ധാരണ കേന്ദ്രങ്ങളും വില്ലേജ്യൂണിയനുകളും സ്ഥാപിച്ചിട്ടുണ്ടു്

മന്ത്രി—രണ്ടു ഗ്രാമോദ്ധാരണ കേന്ദ്രങ്ങളും ആറു വില്ലേജ്യൂണിയനുകളും ഉണ്ടു്.

മി. പാൽതളിയത്തു്—ഈ സംസ്ഥാനത്തു് ഒരു മെഡിക്കൽ കാളേജ് സ്ഥാപിക്കുന്നതിനെപ്പററി രാജ്യത്തിനു വെളിയിലുള്ള ഏതെങ്കിലും വിദഗ്ദ്ധന്മാരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ?

ഡാ. മാധവൻ—ഡാ: പണ്ടാലയുടേയും ഡാ: തോമസിന്റേയും റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ടു്.

ചോദ്യം— കാളേജിനു് എന്തു വിലവരും.

മന്ത്രി— ആദ്യം 60 ലക്ഷം രൂപയും പിന്നീടു വർഷംതോറും 2 ലക്ഷം രൂപയും ചിലവു് വരുമെന്നാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്.

മി. ഉദയഭാനു— മുമ്പു പറഞ്ഞവരുടെ റിപ്പോർട്ടുകൾ കാളേജുസ്ഥാപനത്തിനു് അനുകൂലമാണോ പ്രതികൂലമാണോ?

മന്ത്രി— അനുകൂലറിപ്പോർട്ടുകളാണവ.

മി. ഉദയഭാനു— തിരുവിതാംകൂറിലുള്ള ഒരു വിദഗ്ദ്ധക്കമ്മററിയുടെ റിപ്പോർട്ടു കിട്ടിയിട്ടില്ലേ?

മന്ത്രി— ഉണ്ടു്. ഡാ; കേശവനായർ, ഡാ; തളിയത്തു്, ഡാ. മിസ്സ് സാമുവൽ, ഡാ; കരുണാകരൻ മുതലായവരാണു് ആ കമ്മററിയിലെ അംഗങ്ങൾ.

മി. ഉദയഭാനു— ആ കമ്മിററിയിലെ ഏതെങ്കിലും അംഗം കാളേജു സ്ഥാപനത്തിനെ എതിർത്തിട്ടുണ്ടോ?

മന്ത്രി— ഇല്ല.

മി. ജോസ്— ആയുർവേദ കാളേജു വിദ്യാർത്ഥികളുടെ അവകാശവാദങ്ങളെപ്പററി ഗവ. എന്തുചെയ്യാനാണു് പോകുന്നതു്.

മന്ത്രി—അതിനെപ്പററി ഗവ, പര്യാലോചിച്ചു വരികയാണു്.

മി. കൃഷ്ണനയ്യപ്പന്റെ ഒരു ചോദ്യത്തിനുത്തരമായി തിരുവിതാംകൂറിൽ പ്രതിവർഷം ശമ്പളമിനത്തിൽ 143.9ലക്ഷം രൂപായും ഉദ്യോഗസ്ഥന്മാരുടെ പെൻഷൻ ഇനത്തിൽ 30.4 ലക്ഷം രൂപായും പൊളിററിക്കൽ പെൻഷൻ ഇനത്തിൽ 4.5 ലക്ഷം രൂപായും ചിലവു വരുമെന്നു് മന്ത്രി മി. ജോൺ പ്രസ്താവിച്ചു.

ചോദ്യോത്തരങ്ങൾക്കു ശേഷം തിരുവിതാംകൂർ അടിയന്തിരാധികാര നിയമ ഭേദഗതി ബിൽ അവതരിപ്പിക്കുന്നില്ലെന്നു് മി. പി. എസ്. നടരാജപിള്ള പ്രസ്താവിച്ചു.

ക്രിമിനൽ നടപടി നിയമ ഭേദഗതി ബിൽ അവതരിപ്പിക്കുവാനു മി. നേശമണി അനുവാദം ചോദിച്ചു കൊണ്ടു് ബില്ലിന്റെ ഉദ്ദേശകാരണങ്ങളെപ്പററി പ്രസംഗിച്ചു ആരാധനസ്ഥലങ്ങളെ സംബന്ധിക്കുന്ന 182-ാംവകുപ്പ് ഇപ്പോൾ നിലവിലിരിക്കുന്ന നിയമത്തിൽ നിന്നു് മാററി ഇൻഡ്യൻ നിയമത്തിന്റെ മാതൃകയിലുള്ള ഒരു വകുപ്പ് ചേർക്കുന്നതു് നന്നാണെന്നും മുൻപു് ശ്രീമൂലം അസ്സംബ്ളി ക്രിമിനൽ നടപടി നിയമം പാസ്സാക്കിയപ്പോൾ 109മുതൽ 230വരെയുള്ള വകുപ്പുകൾ വളരെ വേഗത്തിൽവായിച്ചു് പാസ്സാക്കുകയാണു് ചെയ്തതെന്നും പ്രസ്താവിച്ചു.

പ്രസി:—ബിൽ അംഗീകരിച്ചിരിക്കുന്നു. പ്രസിദ്ധപ്പെടുത്തിയ ശേഷം സഭയിൽ അവതരിപ്പിക്കാവുന്നതാണു്.

പത്രനിയമം പിൻവലിയ്ക്കൽ ബിൽ

മി. പി. എസ്: നടരാജപിള്ള:—സർ, ഞാനു ഈ ബിൽ അവതരിപ്പിക്കുന്നു.

പ്രസി:—ബിൽ അവതരിപ്പിക്കുവാൻ അനുവാദം ചോദിക്കാം. അനുവദിച്ചുകഴിഞ്ഞാൽ ഗസററിൽ പരസ്യം ചെയ്യും. അതിനുശേഷം അവതരിപ്പിക്കാവുന്നതാണു്.

മന്ത്രി ഏ. ജെ ജോൺ:— ഞാൻ എതിർക്കുന്നു.

മി. നടരാജപിള്ള:— സർ, പത്രമർദ്ദനത്തെപ്പററി ഈ സഭയിലെ ഒരുദ്യോഗിക ബഞ്ചുകൾക്കും, മററു് എല്ലാവർക്കുമറിയാം.

മി. റസാക്ക്: — പൊതുരക്ഷ ബിൽ വരുമ്പോൾ ഇതിനു് പ്രസക്തിയുണ്ടോ.

മി നടരാജപിള്ള: — ഉണ്ടു്. ഇതു പത്രങ്ങളെ സംബന്ധിച്ചു് വ്യക്തമായ നിയമമുള്ളതു് പിൻവലിക്കാനാണു്. ബിൽ അവതരിപ്പിക്കുവാൻ അനുവദിക്കണമോ എന്ന പ്രശ്നം വോട്ടിനിട്ടതിൽ 15പേർ അനുവദിക്കുവാനും 50പേർ എതിരായും 3പേർ നിഷ്പക്ഷമായും വോട്ടുചെയ്തു അനുവാദം നിഷേധിച്ചു. തിരുവനന്തപുരം സിററി മുനിസിപ്പൽ ഭേദഗതിബിൽ അവതരിപ്പിക്കുവാൻ മി. നടരാജപിള്ള അനുവാദം ചോദിച്ചു. സഭ എതിരുകൂടാതെ അനുവദിച്ചു.

പ്രസി:—ഇനിയും മി. കെ. പി. ക്കു് തിരുവിതാംകൂർ വർത്തമാനപ്പത്ര നിയമം പിൻവലിക്കൽ ബിൽ അവതരിപ്പിക്കാം.

മി. കെ. പി സഭയ്ക്കുള്ള വ്യക്തമായ അഭിപ്രായമറിഞ്ഞതിനാൽ അവതരിപ്പിക്കുന്നില്ല.

അനുദ്യോഗസ്ഥ പ്രമേയങ്ങൾ

അടുത്തതായി മി പി. നാണു നീതിന്യായവകുപ്പിലെ ഉദ്യോഗസ്ഥന്മാരെപ്പററിയുള്ള താഴെ ചേർക്കുന്ന പ്രമേയം അവതരിപ്പിച്ചു

നീതിന്യായവകുപ്പിൽ ജോലിക്കുന്ന ഉദ്യോഗസ്ഥന്മാരിൽകാര്യശേഷിയോ, സ്വഭാവഗുണമോ, ഇല്ലാത്തവരെയോ കുറഞ്ഞവരെയോ കണ്ടുപിടിച്ചു് അവരെ പരിച്ചുവിടുകയോ, അല്ലാത്തപക്ഷം അവർ അർഹിക്കുന്ന മററു് ജോലികളിൽ നിയമിക്കുകയോ ചെയ്യണമെന്നു് ഈ അസ്സംബ്ളി അഭിപ്രായപ്പെടുന്നു.

രാഷ്ട്രീയ കാര്യങ്ങൾ കാരണം പല ഉദ്യോഗങ്ങൾ പലർക്കും നൽകിയിട്ടുണ്ടു്, എന്നാൽ ശേഷി കുറവുള്ളവരും, സ്വഭാവശുദ്ധിയില്ലാത്തവരും ഇവരിൽ കടന്നുകൂടിയിട്ടുണ്ടു്.

മി. കെ. കെ. ചെല്ലപ്പൻപിള്ള:—അവ്യക്തമായി പറയാതെ മെമ്പർ ഉദ്ദേശിക്കുന്നതെന്താണെന്നു് വ്യക്തമായി പറയരുതേ.

മി. നാണു—ഞാൻ ആരെയും വ്യക്തിപരമായി ഇവിടെ പറയുന്നില്ല നീതിന്യായവകുപ്പിൽ ഇത്തരം ആളുകൾ കടന്നുകൂടുന്നതു് അപകടകരമാണു്.

ലഞ്ചിനുശേഷം

മി. മൈതീനകുഞ്ഞു്—സർ, പ്രമേയത്തെ പിന്തുണക്കുന്നു. തിരുവിതാംകൂറിലെ നീതിന്യായക്കോടതികളിലെങ്കിലും സമുദായപ്രാതിനിദ്ധ്യ മനുസരിച്ചു് ഉദ്യോഗം കൊടുക്കാതിരിക്കണം. അക്ഷരമറിയാൻ പാടില്ലാത്ത പഞ്ചായത്തു ജഡ്ജിമാർ ഉള്ളതായി എനിക്കറിയാം. തിര

(ശേഷം നാലാംപേജിൽ)

അന്യായവും അക്രമവും

പാട്ടം ഒഴിപ്പുബില്ലിന്റെ കാര്യത്തിൽ ഗവർമ്മെൻറിന്റെ തിടുക്കത്തെപ്പററി ശ്രീ. മന്നം

കൈപൊക്കാൻ ആളുണ്ടെന്നു് വിചാരിച്ചു് ഏതന്യായവും നടപ്പിലാക്കാമെന്നു് കരുതരുതു്

(സ്വ—ലേ)

തിരു: കുംഭം 8

പാട്ടം ഒഴിപ്പു് നിരോധന ബില്ലിനെപററിപ്രസ്താവിച്ചു് ശ്രീ: മന്നത്തു പത്മനാഭപിള്ള ഇന്നലെ അസംബ്ളിയിൽ ചെയ്ത പ്രസംഗമാണു് താഴെചേർക്കുന്നതു്:—

സർ,

ഇതു് ഏററവും ഗൌരവമേറിയ ഒരു ബില്ലാണു്. വസ്തുവിന്റെ അവകാശക്രമങ്ങളെപ്പററി ഇതുവരെയുള്ള വിശ്വാസത്തേയും നടപ്പിനേയും നിയമത്തേയും ലംഘിക്കുന്ന ഒരു ബില്ലാണിതു്. അങ്ങിനെയുള്ള ഒരു ബിൽ ഇന്നുതന്നെ ഒന്നും രണ്ടും മൂന്നും വായന നടത്തി പാസ്സാക്കണമെന്നു് ബ. മന്ത്രി മി. എ. ജെ. ജോൺ ആവശ്യപ്പെടുന്നു. അത്രയേറെ ആലോചന കൂടാതെ പാസ്സാക്കാവുന്ന ഒരു ബില്ലല്ല ഇതു. അങ്ങിനെ ഒരടിയന്തിരാവസ്ഥ എന്താണു് നേരിട്ടതെന്നും മനസ്സിലാകുന്നില്ല.

ഇതും പാവപ്പെട്ടവനെ സംരക്ഷിക്കുവാനും സമാധാനപ്പെടുത്താനുമുള്ള ലേബൽ ഒട്ടിച്ചുകൊണ്ടു വന്നിരിക്കുന്നതാണു് എന്നാൽ ഇതു് ഏതാനും ചില വിഭാഗക്കാരെ നശിപ്പിക്കാനും ഇനിയുള്ള വൻതരം മുതലാളിമാരേയും ഇടത്തരം മുതലാളിമാരേയും കൂടുതൽ തടിപ്പിക്കാനും വേണ്ടി കരുതിക്കൂട്ടി കൊണ്ടുവന്നിട്ടുള്ളതാണു്. പാവപ്പെട്ടവനു് ഈ ബിൽ യാതൊരു രക്ഷയും നൽകുന്നില്ല. ഈ ബില്ലും കൂടിയിറക്കുമ്പിൽ, കൊണ്ടുവരുന്നതിനുമുമ്പു്, വസ്തുവിനു മേലുള്ള ഉണ്ടായിരിക്കേണ്ട അവകാശക്രമങ്ങളെ വിവരിക്കുന്നപാവപ്പെട്ടവനും അല്ലാത്തവനും— ഒരു ബിൽ കൊണ്ടുവരേണ്ടതായിരുന്നു. ഈ രാജ്യത്തു് ഏതു സാധ്യവിനും കുറച്ചു വസ്തുവെങ്കിലും സ്വന്തമായുണ്ടായിരിക്കണമെന്നാണു് എന്റെ അഭിപ്രായം; ഒരാൾക്കു കുറഞ്ഞപക്ഷം ഇത്ര സെന്റെങ്കിലും ഉണ്ടായിരിക്കണമെന്നും, എത്ര വലിയവനായാലും ഇത്ര എക്കറിൽ കൂടുതൽ ഉണ്ടായിരിക്കാനു പാടില്ലെന്നും ഒരു വ്യവസ്ഥയുണ്ടാക്കുകയാണു് ആദ്യമായി വേണ്ടതു്. അങ്ങിനെ ഒരു നിയമം ഉണ്ടായാൽ ഈ പ്രത്യേക നിയമങ്ങൾക്കൊന്നും അവശ്യം വരുന്നതല്ല. കുളം കുഴിയ്ക്കുമ്പോൾ പ്രത്യേകം പ്രത്യേകം കുററി പറിയ്ക്കേണ്ട ആവശ്യമില്ലല്ലോ.

അങ്ങിനെ യഥാർത്ഥത്തിൽ എല്ലാ സാധ്യകൾക്കും പ്രയോജനപ്പെടുന്ന ഒരു ബില്ലാണു് കൊണ്ടുവരേണ്ടിയിരുന്നതെന്നു് മന്ത്രിമാർക്കും അറിയാമായിരിക്കാം. അവരങ്ങിനെ ചെയ്യാതിരുന്നതു സ്വരക്ഷയെ കരുതിയായിരിക്കും. ഇന്നത്തെ ഗവണ്മെൻറിനു പിന്തുണ നൽകുന്നതു് ഏകവർഗ്ഗീയത്വത്തിലുള്ള മുതലാളി പുരോഹിത കൂട്ടുകെട്ടാണു്. സ്ഥാപിത താല്പര്യക്കാരായ അവരെ സ്പർശിക്കുന്ന ബിൽ കൊണ്ടുവന്നാൽ ഇന്നത്തെ ഗവണ്മെൻറിനെ അവർ തകിടം മറിയ്ക്കുമെന്നു മന്ത്രിമാർക്കറിയാം. അതുകൊണ്ടാണു് സംഘടിതശക്തി വേണ്ടവേണ്ണ, ഇല്ലെന്നു വിശ്വസിക്കപ്പെടുന്ന ഏതാനും ചില വിഭാഗങ്ങളെമാത്രം സ്പർശിക്കുന്ന ഈ ബില്ലുമായി പുറപ്പെട്ടതു്.

ഈ ബിൽകൊണ്ടു് സാധ്യകൾക്കു് ഒരു പ്രയോജനവുമുണ്ടാകാൻ പോകുന്നില്ല. സാധാരണയായി വസ്തു പാട്ടത്തിനെടുപ്പിക്കുന്നതു നിർദ്ധനന്മാരെയല്ല. പലപ്പോഴും വസ്തു ഉടമസ്ഥനേക്കാൾ പാട്ടക്കാരൻ കൂടുതൽ വസ്തുവും സ്ഥിതിയുമുള്ളവനായിരിക്കും. ഒരാൾക്കു് 2 ഏക്കർ പറമ്പും 15 പറനിലവും ഉണ്ടായിരിക്കും. അതു പാട്ടത്തിനെടുത്ത ആളിനു് 50 ഏക്കർ പറമ്പും 200 പറ നിലവുമുണ്ടായിരിക്കും. കൂടുതൽ വസ്തുഉടമസ്ഥതയുള്ളയാൾ ഈ പാട്ടവസ്തുവിന്റേയും കൂടി ഉടമസ്ഥനായിക്കൊള്ളണമെന്നും, കുറച്ചു വസ്തുമാത്രം ഉണ്ടായിരുന്ന ആൾ ഒന്നുമില്ലാതെ നടന്നുകൊള്ളണമെന്നുമാണു് ഈബിൽ പറയുന്നതു്. ഒരു പറമ്പും ഒരുവീടും മാത്രമുള്ള ഒരു ചെറിയ ഉദ്യോഗസ്ഥൻ വീടും പറമ്പും പാട്ടത്തിനുകൊടുത്തിട്ടു് പത്തു പതിനഞ്ചു കൊല്ലം ഉദ്യോഗിക നിലയിൽ പലടത്തും പാർത്തിട്ടു് സ്വന്ത ഭവനത്തിൽ മടങ്ങി എത്തുമ്പോൾ അയാളും ഭാര്യയും കുഞ്ഞുങ്ങളും വീട്ടിൽ കേറാനു സാദ്ധ്യമല്ലാതെ വഴിയെ തെക്കു വടക്കു നടന്നു കൊള്ളണമെന്നാണു് ഇന്നത്തെ ഗവർമ്മെൻറിന്റെ അഭിപ്രായം. ലക്ഷക്കണക്കിനു സ്വന്ത വസ്തുവിൽ നിന്നു് ആട്ടിയും വരുന്ന പാട്ടക്കാരുമുണ്ടു്. അവരുടെ അയ്യായിരം പതിനായിരം ഏക്കർ കണക്കിനുള്ള വസ്തുവിൽ ഈ സാധാരണക്കാരുടെ വസ്തുവും കൂടി ലയിച്ചു്, തടിച്ചുവീർത്ത ആയിരങ്ങളെ കൂടുതൽ വീർപ്പിച്ചു ശ്വാസം മുട്ടിക്കാനുള്ള സംരംഭമാണിതു്.

ഈ രാജ്യത്തെ എല്ലാ വിഭാഗക്കാരും വസ്തുക്കൾ പാട്ടത്തിനെടുക്കാറുണ്ടു്. ഏതെല്ലാം വിഭാഗക്കാരാണു് പാട്ടത്തിനെടുക്കുന്നതെന്നും ഏതെല്ലാം വിഭാഗക്കാരാണു് പാട്ടത്തിനെടുപ്പിക്കാത്തതെന്നുമുള്ളതു പ്രസിദ്ധമാണു്.

ഒരു മെമ്പർ—അതാരെല്ലാമാണെന്നു പറയാമോ.

മി മന്നം—ഞാനിപ്പോൾ കാൺഗ്രസ്സിൽ ദേശീയമായി നിൽക്കുന്നതുകൊണ്ടു് വർഗ്ഗം തിരിഞ്ഞു പറയാത്തതാണു്. നിർബന്ധമുണ്ടെങ്കിൽ പറയാം. എത്ര കുറച്ചു വസ്തുവെയുള്ളുവെങ്കിലും അതെല്ലാം പാട്ടത്തിനെടുപ്പിച്ചിട്ടു് പാർത്തുണ്ടു പട്ടിണി കിടക്കുന്നതു് നായന്മാർ, നമ്പൂതിരിമാർ, തമ്പുരാക്കന്മാർ മുതലായവരും പാട്ടത്തിനു കൊടുക്കാത്തവർ ക്രിസ്ത്യാനികളുമാണു്. ഇവിടെ പ്രാബല്യമുണ്ടായിരുന്ന വിഭാഗക്കാരെ പലരുപത്തിൽ കൂടി ശക്തി ഹീനമാക്കുകയാണു് ഇപ്പോഴത്തെ കാൺഗ്രസ്സിന്റെ പണി. ഇനബിൽ അതിനുമകുടം വയ്ക്കുകയാണു്. അതു പാവപ്പെട്ടവനുവേണ്ടിയാണെങ്കിലും ഒട്ടുംകൂടെ സഹിക്കാമായിരുന്നു. ഈ വസ്തുക്കളെല്ലാം ചെന്നു ചേരുന്നതു മുതലാളിമാരുടെ കയ്യിലാണു്. ലക്

കുളത്തുപ്പുഴക്കേസ്

ടി. ബി. യിലെ കാൽപ്പാടുകളെപ്പററി സാക്ഷികളുടെ മൊഴി

(പ്രത്യേക ലേഖകൻ)

കൊല്ലം, കുംഭം 7

ഇന്ന് ഡിസ്ട്രിക്ട് മജിസ്ട്രേട്ട് കോടതിയിൽ കുളത്തുപ്പുഴക്കേസ് സംബന്ധിച്ച് ഫിംഗർപ്രിന്റ് ബ്യൂറോ ഇൻസ്പെക്ടറായ ശ്രീ. കെ. ജെ. സഖറിയായെ വിസ്തരിച്ചു. ററി. ബി. യിലെ മുറിയിൽ ഉണ്ടായിരുന്ന കാൽപ്പാടും പ്രതിയുടെ കാൽപ്പാടും തമ്മിൽ പരിശോധിച്ചു. ഫിംഗർപ്രിന്റ് എക്സ്പേർട്ടിന്റെ സർട്ടിഫിക്കററും പതിച്ചെടുത്ത കണ്ണാടിയും കോടതിയിൽ ഹാജരാക്കി. "കുളത്തുപ്പുഴ ററി. ബി. യുടെ തെക്കുകിഴക്കേമുറിയുടെ പുറത്തെ ഭിത്തിയിൽ കാണപ്പെട്ട ഒറിജിനലും സാമ്പിളും കാലടികളുടെ പതിപ്പുകൾ എടുത്തതിൽ അവയുടെ രൂപവും ആകൃതിയും വിരലുകൾ തമ്മിലുള്ള അകലവും തമ്മിൽ സാമ്യമുണ്ടെന്ന് അസർട്ടിഫിക്കററിൽ പ്രസ്താവിച്ചിരുന്ന സാക്ഷിയുടെ മൊഴിയുടെ സംഗ്രഹമാണ് താഴെ ചേർക്കുന്നത്:—

ഞാൻ മകരമാസം 20-ാംനു കുളത്തുപ്പുഴ ററി. ബി-യിൽ പോയിട്ടില്ല. 21-ാംനു പോയിട്ടുണ്ട്: ഞാൻ കുളത്തുപ്പുഴ ററി. ബി: യിൽ പോയിരുന്ന ദിവസം ചുവരിൽ കണ്ട ഫിംഗർപ്രിന്റിന്റെ മഹസ്സർ തയ്യാറാക്കിയിട്ടില്ല. ഞാൻ അന്നവൈകിട്ട് ഉദ്ദേശം മൂന്നുമണിക്കാണ് ചെന്നത്. എന്റെ കൂടെ സബ് ഇൻസ്പെക്ടർ ചന്ദ്രശേഖരൻനായരും, ഇൻസ്പെക്ടർ മി ഖാദറും, എ. എസ്സ്. പി. അദ്ദേഹവുമുണ്ടായിരുന്നു. ഫോട്ടോഗ്രാഫർ പോററിയുമുണ്ടായിരുന്നു. പോററിയെന്നാണ് സാധാരണ വിളിക്കുന്നത്. പോററി സി. ഐ. ഡി. ഫോട്ടോഗ്രാഫറാണ്. ഞങ്ങൾ ഒരുമിച്ചാണു പോയതും തിരിയെ പുനലൂരേക്കു വന്നതും. ഞാൻ ററി. ബി യിൽ ചെന്നപ്പോൾ പ്രതി അവിടെയില്ല. എന്നെ ഫൂട്ട്പ്രിന്റു ചുവരിൽ കാണിച്ചുതന്നത് മി. ഖാദറാണ്. അവിടെ കണ്ട ഫൂട്ട്പ്രിന്റു അതുതേതാണെന്ന് മി ഖാദറാണ് കാണിച്ചുതന്നത് ചുവരിൽ കണ്ടതുപോലെയാണ് ടേസ്സ്ചെയ്തത്. അവിടെ കണ്ട ഫൂട്ട്പ്രിന്റു് ഏകദേശം ഒരു നിരപ്പിലായിരുന്നു. അവിടെ മൂന്നു പ്രിന്റ്സുണ്ടായിരുന്നു. മുഴുവനുകാൽ പതിഞ്ഞ പ്രിന്ററില്ലായിരുന്നു.

ചോ.—ഈ മൂന്നു പ്രിന്റു് എങ്ങിനെ വന്നുവെന്ന് നിങ്ങൾ അന്വേഷിക്കുകയോ അറിവാകുകയോ ചെയ്തിട്ടുണ്ടോ?

ഉ:—ഒന്നു ഒറിജിനലാണ്. മററത്തു് പ്രതിയുടെ കാലിലെ പ്ലിന്ററു് സാമ്പിളായിട്ട് എടുത്തുവച്ചിരിക്കുകയായിരുന്നുവെന്ന് മി. ഖാദർ പറഞ്ഞറിഞ്ഞു

ഒറിജിനൽ പ്രിന്ററിന്റെ ടോസ്സ് (കാൽവിരൽ) കീഴോട്ടും സാമ്പിൾ പ്രിന്ററിന്റെ ടോസ്സ് ഒന്നു മേൽപ്പോട്ടും മററത്തു് കീഴോട്ടുമായിരുന്നു. സാമ്പിൾകണ്ടതു തെക്കുകിഴക്കേ മുറിയുടെ തെക്കോട്ടുള്ള ജനലിന്റെ താഴ്വശം പുറകുവശത്തുള്ള ഭിത്തിയിലാണ്. ജനലിന് വീതി ഉദ്ദേശം നാലടി വരും. ഒറിജിനൽഫൂട്ട്പ്രിന്റു കണ്ടതു് ജനലിന്റെ താഴ്വശത്തെ പടിയിരിക്കുന്ന ഭിത്തിക്ക് രണ്ട് രണ്ടര ഇഞ്ച് താഴെയായിട്ടാണ്. അവിടെവച്ച് പോററി ഫോട്ടോ എടുത്തുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അങ്ങിനെ ഫോട്ടോയെടുത്തിട്ട് എന്തായിയെന്ന് ഞാൻ അന്വേഷിച്ചിട്ടില്ല. അറിഞ്ഞിട്ടുമില്ല. ഫോട്ടോ കിട്ടിയോ ഇല്ലയോ എന്നു അറിഞ്ഞുകൂടാ. സാമ്പിൾപ്രിന്റു് തറയിൽ നിന്ന് ഉദ്ദേശം അഞ്ചടി ഉയരെയാണ്. അഞ്ചടി ഉയരെ കാൽപ്പാടുപതിക്കാമോ എന്നു എനിക്കറിഞ്ഞുകൂടാ. ഞാൻ നോക്കിയിട്ടുമില്ല. ഞാൻ ഈ സർട്ടിഫിക്കററിൽ ഇനക്ക്യൽ ചെയ്തിട്ടുള്ളതല്ലാതെ ഇതേസംബന്ധിച്ച ഒന്നും ചെയ്തിട്ടില്ല. ഈ ഫൂട്ട്പ്രിന്ററിനെ സംബന്ധിച്ച് ഒന്നും ചെയ്തിട്ടില്ല. പ്രിന്ററു സംബന്ധിച്ച കമ്പാരിസൻ(താരതമ്യപ്പെടുത്തൽ) ഡി. ഐ. ജി. ക്കോ ഇൻസ്പെക്ടർക്കോ അയച്ചിട്ടില്ല: ഈ പ്രിന്ററു് ആഫീസിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു. അയച്ചുകൊടുക്കുവാൻ ഇതുവരെ സന്നാഹപ്പെടിട്ടില്ല. ഫൂട്ട്പ്രിൻറിന്റെ മൂന്നിന്റെയും ടോസ്സ് (കാൽവിരൽ) കീഴ്പ്പോട്ടായിരുന്നു. ഒറിജിനൽ രണ്ടു സ്ഥലത്തായിട്ടു ടേസ്സ് എടുത്തിട്ടുണ്ട്. ഒറിജിനലാണെന്നു എന്നോടു പറഞ്ഞതിന്റെ രണ്ടു എടുപ്പിന്റെയാണ് എടുത്തിട്ടുള്ളത്. ടേസ്സിലുള്ള തള്ളവിരലിനടുത്തുള്ള മൂന്നുവിരലുകൾ പൂർണ്ണവൃത്താകൃതിയിൽ പതിഞ്ഞുകാണുന്നുണ്ട്. സാമ്പിൾ ഫൂട്ട്പ്രിന്ററിന്റെ ഒരു വിരലും പൂർണ്ണവൃത്താകൃതിയിൽ കാണുന്നില്ല ഒറിജിനലിലുള്ള രണ്ടു ടേസ്സിംഗിലുള്ള തള്ളവിരലുകളെഴികെയുള്ള വിരലുകളിലുള്ള വ്യത്യാസം വലുതായിട്ടൊന്നും കാണുന്നില്ല സ്വൽപ്പവ്യത്യാസം ഉണ്ടായിരിക്കുന്നതിൽ കാണുന്നുണ്ട്.

ചോദ്യം—ഒറിജിനൽ ടേസ്സിംഗൽ തള്ളവിരലിനുശേഷമുള്ള വിരലുകൾ കൂടുതൽ കുറവായിട്ടു കാണുന്നുണ്ടോ?

ഉത്തരം—ഒരു പോലെയിരിക്കുന്നു.

ചോദ്യം—ഒറിജിനലിലെ മൂന്നാമത്തെ വിരലിന്റെ ആകൃതി രണ്ടിലും വ്യത്യാസമായിട്ടാണോ കാണുന്നത്?

ഉ—ഒന്നിൽ സ്വല്പം കൂടുതൽ പോയിനററായിട്ടു കാണുന്നു.

ചോ—ഒറിജനലിലുള്ള മൂന്നാമത്തെ വിരലിന്റെ വണ്ണം രണ്ടും ശരിയാണോ?

ഉ—വ്യത്യാസം കാണുന്നില്ല. (സാക്ഷി അളന്നു നോക്കി ബോധിപ്പിച്ചു.)

ചോ—മൂന്നാമത്തെയും നാലാമത്തെയും വിരലുകൾ തമ്മിൽ അകലത്തിൽ വ്യത്യാസം കാണുന്നുണ്ടോ?

ഉ—സ്വല്പം വ്യത്യാസം കാണുന്നുണ്ട്.

ചോ—കാലിന്റെ രണ്ടു ടേസിംഗും അളന്നുനോക്കിയിട്ട് തള്ളവിരൽമുതൽ കുഞ്ഞുവിരൽവരെ വല്ല അകലവ്യത്യാസം കാണുന്നുണ്ടോ?

ഉ—ഒന്ന് 7·6-ം മററൊന്നു 7·4-മാണ്(സെന്റിമീററേഴ്സ്)ഒറിജിനലിലുള്ള ടേസിംഗിൽ ഒന്നിൽ തള്ളവിരലും അടുത്ത വിരലുമായി 1 3 സെൻറിമീററും മററേതു് 1·1 സെൻറിമീററും അകലമുണ്ട്. തള്ളവിരലു കഴിഞ്ഞുള്ള രണ്ടാമത്തെയും മൂന്നാമത്തെയും വിരലുകൾ തമ്മിലുള്ള അകലം ഒന്നിൽ ഒരു സെൻറിമീററും മററേതിൽ 9 സെൻറിമീററുമാണ്. പ്രിന്ററിൽ കാണുന്ന മൂന്നാമത്തെ വിരലിനും നാലാമത്തെ വിരലിനും തമ്മിലുള്ള അകലം ഒന്നിനു 1·9 സെൻറിമീററും മററേതു് 1·05 സെൻറിമീററുമാണ്. തള്ളവിരലിനു താഴെയുള്ള കാലിന്റെ എമിനൻസിന്റെ ആകൃതിയിൽ വ്യത്യാസമില്ല.

ചോ—സാമ്പിൾപ്രിന്ററിലും ഒറിജിനൽ പ്രിന്ററിലുമുള്ള തള്ളവിരലുകൾ തമ്മിൽ ആകൃതിയിൽ വ്യത്യാസമുണ്ടോ?

ഉ—ഒന്നുകൂടുതൽ പതിഞ്ഞിട്ടുണ്ട്. അവ തമ്മിലുള്ള വ്യത്യാസം പറയാൻ എന്നെക്കൊണ്ടു സാധിക്കുകയില്ല:

ചോ—തള്ളവിരലിന്റെ താഴെക്കാണുന്ന എമിനൻസിന്റെ ആകൃതിയിൽ വ്യത്യാസമുണ്ടോ?

ഉ—ഒന്നുകൂടുതൽ പതിഞ്ഞിട്ടുണ്ട്. ഒന്നു കുറവായിട്ടേ പതിഞ്ഞിട്ടുള്ളു. അതുകൊണ്ടു ആകൃതി വ്യത്യാസം പറയാൻ എന്നെക്കൊണ്ടു സാദ്ധ്യമല്ല.

ചോ—പാദങ്ങളുടെ ആകൃതിയിൽ വ്യത്യാസമുണ്ടെന്നോ ഇല്ലെന്നോ നിങ്ങൾ പറയുന്നതു്.

ഉ—എനിക്കു അതൊന്നും പറയാനറിയുന്ന പാടില്ല.

ചോ—സാമ്പിൾപ്രിന്ററിൽ തള്ളവിരലിനെക്കാൾ മുമ്പോട്ടു കുറിവരുമോ അടുത്തവിരൽ?

ഉ—സ്വൽപ്പം മുമ്പോട്ടു കടന്നാണു കാണുന്നതു്.

ഒറിജിനലിലുള്ള രണ്ടു ടേസ്സിംഗിലും തള്ളവിരലിനേക്കാൾ മുന്നോട്ടു കടന്നല്ല അതിനടുത്ത വിരൽ കാണുന്നതു്. ഞാൻ ഫൂട്ട്പ്രിന്ററു കംപാരുചെയ്തു ആദ്യമായിട്ടാണു ഈ സർട്ടിഫിക്കററു കൊടുത്തതു്. ഞാനു അതിനെറ സയൻസൊന്നും പഠിച്ചിട്ടില്ല. ഫൂട്ട്പ്രിന്ററിനെപ്പററിയുള്ള ശാസ്ത്രപുസ്തകങ്ങളൊന്നും ഞാനു കണ്ടിട്ടില്ല.

ചോ—ഒറിജിനലിലുള്ള തള്ളവിരലിന്റെ ഷേപ്പു പറയാമോ?

ഉ—ഏതെല്ലാം ഷേപ്പുകളുണ്ടെന്നു അറിയാൻ പാടില്ലാത്ത ഞാൻ എങ്ങനെയാണു പറയുന്നതു്. കോർട്ടുമുമ്പാകെ വച്ചു ഇപ്പോൾ അളന്നതല്ലാതെ ഇതിനുമുമ്പു ഞാനു അളന്നിട്ടില്ല.

ചോ—ഇപ്പോൾ നിങ്ങൾ അളക്കാനുപയോഗിച്ച സ്കെയിലിന്റെയും ഞാനിപ്പോൾ കാണിക്കുന്ന ടേപ്പിന്റെയും അളവിൽ വ്യത്യാസമില്ലല്ലോ.

ഉ—ഇല്ല: സ്വൽപ്പവ്യത്യാസമുണ്ട്.

ചോ—ഒറിജിനലിലെയും, സാമ്പിളിന്റെയും അടുത്ത വിരലിലെയും തള്ള വിരലിന്റെയും എമിനൻസു തമ്മിലുള്ള വ്യത്യാസം അളന്നു ബോധിപ്പിക്കാമോ?

ഉ—രണ്ടും ഏകദേശം ഒരുപോലിരിക്കും.

ചോ—ഫൂട്ട്പ്രിൻറു് എക്സ് പെർട്ട് ആരാണ്?

ഉ—സബ് ഇൻസ്പെക്ടർ മി: ചന്ദ്രശേഖരൻനായരാണ്. ഈപ്രിൻറുകൾ ഡി ഐ. ജി. കഴിഞ്ഞാണ്ടത് ഞാനു ഈ മാസം 1-ാംനു മുതൽ പൊൻകുന്നം, കോട്ടാർ, കൊല്ലം, പുനലൂർ മുതലായ സ്ഥലങ്ങളിൽ കോർട്ടു ഡ്യൂട്ടിയിലായിരുന്നതുകൊണ്ടാണ്.

മൂന്നുമുക്കാൽ മണിക്കു കോടതി കൂടിയപ്പോൾ സി. ഐ. ഡി. ഫോട്ടോഗ്രാഫറായ മി. മുരഹരൻപോററിയെ വിസ്തരിച്ചു. കുളത്തുപ്പുഴ ററി. ബി: യിൽ കണ്ട കാൽപാടിന്റെ ഫോട്ടോ എടുത്തിട്ടുണ്ടെന്നും ററി. ബി. യിലെ കാൽചുവട്ട് നോക്കി മഹസ്സർ എഴുതിയിട്ടുണ്ടെന്നും സാക്ഷി പ്രസ്താവിച്ചു. പിന്നീട്, കൃത്യസ്ഥലത്തു് ഡ്യൂട്ടിയിൽ നിന്നിരുന്ന പോലീസ് കോൺസ്റ്റബിൾ മി. കോലപ്പപിള്ളയെ വിസ്തരിച്ചു. സാക്ഷി ഇപ്രകാരം മൊഴികൊടുത്തു.

കൂട്ടിൽ നിൽക്കുന്ന പ്രതിയെ അറിയാം. കഴിഞ്ഞ മകരമാസം ഡി. എസ്: പി. അദ്ദേഹം ററി. ബി. യിൽ വന്നിരുന്നതു 18-ാംനു-യാണ്. അദ്ദേഹം വന്ന സ്ഥലമെല്ലാം കണ്ടു. ററി. ബിയിലെ ഹാൾമുറിയുടെ വടക്കുവശമുള്ള കതകിനു കിഴക്കുവശം, ഭിത്തിയിൽ ഇൻസ്പെക്ടർ യജമാനന്റെയും ഡി. എസ്. പി. യജമാനന്റെയും കാൽചുവട്ടും അതിനടുക്കു പ്രതിയുടെ കാൽചുവട്ടും ചവുട്ടിച്ചു. അതു മുറിയുടെ അകത്താണ്, മഞ്ഞു പോകാതെ സൂക്ഷിച്ചുകൊള്ളണമെന്നു പറഞ്ഞു ഡി. എസ്. പി അദ്ദേഹം എന്നോടു ഏർപ്പാടുചെയ്തു. നാലുവശത്തെ കതകും ബന്തവസ്സുചെയ്തടച്ചു: തെക്കുവശത്തെ വാതലിന്റെ വെളിയിൽ ബന്തവസ്സുചെയ്യുന്നിൽക്കുകയായിരുന്നു. അന്നു രാത്രിയും പകലും ബന്തവസ്സു ചെയ്തു: പത്തൊൻപതാംതീയതി ഞാൻ ബന്തവസ്സുചെയ്തു നിൽക്കുമ്പോൾ പകൽ 11 മണിക്കുമേൽ ഒരു പ്ലക്കാർഡിൽ പ്രതിയും പേരറിയാൻപാടില്ലാത്ത രണ്ടു പേരുംകൂടി ററി. ബി: യുടെ വടക്കുവശം മുററത്തുവന്നിറങ്ങി: മൂന്നുപേരുമായി തെക്കുവശത്തെ തിണ്ണയിൽ വന്നുകയറി. പ്രതി തെക്കുവശത്തു് ഞാൻനിന്ന സ്ഥലത്തേയ്ക്കുവന്നു. വാച്ചർ കൃഷ്ണൻനായർ എന്നയാളോടിവന്നു കതകു തുറക്കണമെന്നു പറഞ്ഞു, കതകു തുറക്കാനുവന്നു. ഞാൻ തുറക്കാൻ പാടില്ലെന്നു തടുത്തു എന്തു തുറക്കാൻ പാടില്ലാത്തതെന്നു പ്രതി എന്നോടു ചോദിച്ചു. ചുവരിൽ പതിച്ചിരിക്കുന്ന കാൽപ്പാടിന്റെ ഫോട്ടോ എടുത്തതിനുശേഷം മാത്രമേ അതിനെ കയററാൻ പാടുള്ളുവെന്നു ഡി. എസ്. പി. യജമാനനു പറഞ്ഞതുകൊണ്ടാണെന്നു പറഞ്ഞു പ്രതി. ഉടനെ "സെക്ഷനാഫീസ്സറുടെ ചുമതലയിലാണ് ററി. ബിയിരിക്കുന്നതെന്നറിയാമോയെന്നു എന്നോടു ചോദിച്ചു. ആരുടെ ചുമതലയിലിരുന്നാലും ഇപ്പോൾ കയറാനൊക്കുകയില്ലെന്നു ഞാൻ പറഞ്ഞു: എന്നെ ബലമായിപിടിച്ചു തള്ളി കൃഷ്ണൻനായരോടു കതകു തുറക്കൈടോ എന്നു പറഞ്ഞു കതകു തുറന്നു രണ്ടുപേരും മുറിക്കകത്തു കയറി: എന്നെ പിടിച്ചു തള്ളിയതു സെക്ഷനാഫീസറാണ്. ഞാനും മുറിക്കകത്തു കയറി. പ്രതി വേഗത്തിൽ കാൽചുവട്ടുള്ള സ്ഥലത്തേയ്ക്കുപോകുന്നതുകണ്ടു. ഞാൻ മുൻവശത്തു ചെന്ന് തടുത്തു. എന്നെ ബലമായി പിടിച്ചുതള്ളി. കാലുകൊണ്ടു പ്രതിയുടെ കാൽചുവട്ടു പ്രതിതന്നെ അഴിച്ചു.

വരാന്തയിൽ നിന്നവർ ഏതാണെന്നു ചോദിച്ചു. ഞാൻ നടന്ന വിവരങ്ങളെല്ലാം അവരോടു പറഞ്ഞു മേലാവിൽ ഈ വിവരമറിയിക്കാനു പുനലൂർക്കു വരുന്നതിനായി ഞാൻ തെന്മലവരെവന്നു. അവിടെവച്ചു ഇൻസ്പെക്ടർ യജമാനനെകണ്ടു റിപ്പോർട്ടു കൊടുത്തു വിവരങ്ങളറിയിച്ചു. ഞാനും അദ്ദേഹവുമായി തിരിയെ കുളത്തുപ്പുഴയ്ക്കു പോയി. ററി. ബിയിൽ വന്ന ഇൻസ്പെക്ടറുദ്ദേഹം ഇതെല്ലാം നോക്കി. പിന്നെ ഇൻസ്പെക്ടറുദ്ദേഹം വെളിയിൽ പോയി. ഞാൻ ബന്തവസ്സു തുടർന്നു. പിറേറദിവസം ഇതെല്ലാം നോക്കി മഹസ്സർ എഴുതി. മഹസ്സർ എന്നെ കാണിച്ചതുതന്നെയാണ്. (മഹസ്സർ എച്ച്. അക്കം എന്നു റിക്കാർഡുചെയ്തു.) സത്യമായും ശരിയായും എഴുതിയിട്ടുള്ളതാണ്. എനിക്ക് 36 കൊല്ലത്തെ സർവ്വീസുണ്ട്.

അതേത്തുടർന്ന് മണി അഞ്ചുമുക്കാൽ ആകയാൽ കോടതി പിരിഞ്ഞു. ഇന്ന് മിസ്സ് ശർമ്മായെ വിസ്തരിക്കുന്നതാണെന്നു റിപ്പോർട്ടു ചെയ്തിരുന്നുവെങ്കിലും ഇന്ന് അവർ കോടതിയിൽ ഹാജരായിട്ടില്ലായിരുന്നു. മിസ്സ് ശർമ്മായെയും പാർട്ടിയെയും ഈ മാസം പത്താംതീയതി വിസ്തരിക്കുന്നതാണെന്നറിയുന്നു. ഇതുവരെ പ്രസ്തുത കേസിൽ ഏഴു സാക്ഷികളെ വിസ്തരിച്ചിട്ടുണ്ട്. കേസ് നാളത്തേക്കു മാററി.

കുടിയിറക്കു സംബന്ധിച്ച അടിയന്തിര പ്രമേയം

പ്രധാനമന്ത്രിയുടെ വിശദീകരണത്തിനുശേഷം പിൻവലിക്കപ്പെട്ടു

നിയമസഭ—വെള്ളിയാഴ്ചത്തെ നടപടികൾ

(സ്വന്തം പ്രതിനിധി) തിരുവനന്തപുരം കുംഭം 7

(തുടർച്ച)

നാലുമണിയായപ്പോൾ പ്രസിഡണ്ട് അടിയന്തിരപ്രമേയാവതരണത്തിനു് മി. മൈതീൻകുഞ്ഞിനെ ക്ഷണിച്ചു.

മി. മൈതീൻകുഞ്ഞ്:— പ്രസംഗമാരംഭിച്ചപ്പോൾ മി. ഏ: നേശമണി ഒരു പോയന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. പ്രധാനമന്ത്രി അദ്ദേഹത്തിന്റെ സീററിലില്ലാത്തതിനെപ്പററി ഒരു റൂളിംഗ് ആവശ്യപ്പെട്ടു.

പ്രസി— ഏതുമന്ത്രിക്കാണതു സമയത്തുംവെളിയിൽ പോകുകയും പെട്ടെന്ന് തിരിച്ചു വരികയും ചെയ്യാം.

മി. കുഞ്ഞു പ്രസംഗം തുടർന്നു.

അടിയന്തിര പ്രമേയം

മി. മൈതീൻകുഞ്ഞ്:—നെയ്യാററിൻകര നടന്ന സംഭവം പൊതു പ്രാധാന്യമുള്ള ഒന്നാണ് പ്ര. മ. പ്രസ്താവിച്ചതുപോലെ സംഭവം നടക്കുന്ന സ്ഥലത്തെ സംബന്ധിച്ചു ഒരു സിവിൽ കേസു നടക്കുന്നുണ്ട്. കേസിൽ കുടിയിറക്കപ്പെട്ടവരിൽ 6 വീടുകൾ മാത്രമെ ഉൾപ്പെടുന്നുള്ളു. ഇപ്രകാരമുള്ള സംഭവം രാജ്യമെമ്പാടുകെ നടക്കുന്നതു ഇങ്ങനെയുള്ള ഒരു ബിൽ വരുന്നതായി അറിയുന്നതുകൊണ്ടാണ്. അതുകൊണ്ട് സിവിൽകോടതിനിയമമനുസരിച്ചാണ് എന്റെ അടിയന്തിരപ്രമേയത്തിൽ പറയുന്ന കുടിയിറക്കു സംഭവമെന്നുള്ളതു സാധൂകരിക്കുന്നതല്ല. ഇവിടുത്തെ ഗവണ്മെൻറു കുടിയിറക്കിനുവിപരീതമായി പോലീസു സഹായം നൽകരുതെന്നു ഓർഡർ പാസ്സാക്കിയിട്ടുണ്ടെന്നാണ് എന്റെ അറിവ്. ഏതൊരു ഗവണ്മെൻറും സമാധാനത്തെ ആഗ്രഹിക്കുന്നു. സമാധാനം കൈവരുത്തുന്നതിനുള്ള താൽക്കാലികനടപടികളെപ്പററിയാണ് അഭിപ്രായവ്യത്യാസം. നെയ്യാററിൻകര ഒരു വിദ്യാർത്ഥി ഉൾപ്പെടെ 7 പേരെ അറസ്റ്റ് ചെയ്തു. വിദ്യാർത്ഥിയെ വിട്ടയയ്ക്കാനോർമ്മിക്കുന്നതു്. യാതൊരു കുററവുമില്ലാത്തതുകൊണ്ടു അടിയന്തിരാധികാരനിയമപ്രകാരമാണ് അറസ്റ്റ് ചെയ്തതു: നെയ്യാററിൻകര കുടിയിറക്കിയ ആൾ ഐ. ജി. യുടെ ഒരു ബന്ധുവാണെന്നുമാണ് എന്റെ അറിവ്: ഐ. ജി. യുടെ ബന്ധുവാണെങ്കിൽ ആ ആൾ പോലീസിന്റെ സഹായം ആവശ്യപ്പെട്ടതു വാസ്തവത്തിൽ ഐ. ജി യുടെ പേരിനുതന്നെ കളങ്കം ചാർത്തുകയാണു ഏന്നുപറയാതിരിപ്പാനു നിർവ്വാഹമില്ല.

മി. നടരാജ പ്രമേയത്തോടനുകൂലിച്ചു.

മി. തേവൻ:—അനുകൂലിച്ചു ഈ കുടിയിറക്കിൽപ്പെട്ടവർ 90 കുടുംബങ്ങളായി അവിടെ പാർത്തുവന്നവരാണ്. അറസ്റ്റ്ചെയ്തവരിൽ ഒരാൾമുൻപു കുടിയിറക്കിയയാളുമാണ്. ഏതായാലും ഈ പ്രശ്നം സംബന്ധിച്ചു ഒരു പരിഹാരം ഉണ്ടാക്കേണ്ടതാണ്.

ഡെ: പ്ര:—നെയ്യാററിൻകര താലൂക്കിനെ പ്രതിനിധികരിച്ചു ഈ കുടിയിറക്കുപ്രശ്നത്തെ പരാമർശിച്ചു പ്രസംഗിച്ചു. കേസ്സിന്റെ വിവരങ്ങൾ അദ്ദേഹം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. നിയമപ്രകാരം പോലീസു നെയ്യാററിൻകര ചെയ്തിട്ടുള്ള കാര്യങ്ങൾ ശരിയാണെന്നു പ്രസ്താവിച്ചു. ഒടുവിൽ കുടിയിറക്കു നിരോധിക്കേണ്ടതാവശ്യമാണെന്നു പ്രസ്താവിച്ചു.

മി. മജീദ് അടിയന്തിരപ്രമേയത്തെ അനുകൂലിച്ചു സംസാരിച്ചു.

പ്രധാനമന്ത്രി ഇപ്രകാരം മറുപടി പറഞ്ഞു. "ഞാനു പറയുന്ന എല്ലാ വിവരങ്ങളും പ്രസംഗങ്ങളും അടിസ്ഥാനപ്പെടുത്തിയാണെന്നാലും തീയതി ഒരു പ്രക്ഷോഭണയോഗം കൂടണമെന്നുള്ള കമ്യൂണിസ്റ്റുകാരുടെ നോട്ടീസ് വായിച്ചു. നോട്ടീസ് പ്രചരണം ചെയ്തവരുടെയും വാദികളുടെയും അപേക്ഷകളുടെ ഫലമായി നെയ്യാററിൻകര സിവിൽ കോടതിയിൽ നിന്നു നെയ്യാററിൻകര പോലീസ് സ്റ്റേഷനിലേക്ക് എഴുതിയതനുസരിച്ച് പോലീസ് നിയമപ്രകാരം വസ്തു ഒഴിപ്പിച്ചു കൊടുക്കുന്നതിനു് സ്ഥലത്തെത്തിയപ്പോൾ ഒരു വലിയ ജനസംഘം അവിടെ കുടിയിരിക്കുന്നതു കണ്ടു. കമ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ കൂടിയിരുന്ന ജനങ്ങൾ ആദ്യനെയും മററും കൃത്യനിർവ്വഹണത്തിനു തടസ്സപ്പെടുത്തി. തടസ്സപ്പെടുത്തിയവരെ അറസ്റ്റ് ചെയ്തു. അറസ്റ്റ് ചെയ്യുകൊണ്ടു് പോയ അവസരത്തിൽ കമ്യൂണിസ്റ്റ് കാരുടെ നേതൃത്വത്തിൽ അവിടെ കൂടിയിരുന്നവർ പോലീസ് വാഹനിനു് കല്ലെറിഞ്ഞു കണ്ണാടിപൊട്ടിച്ചു: അതിനാണ് വിദ്യാർത്ഥിയെ അറസ്റ്റ് ചെയ്തതു്. വിദ്യാർത്ഥിയെ അന്നു വൈകുന്നേരം തിരുപാധികം മോചിപ്പിച്ചു. ഇതിൽ നിയമപ്രകാരം പോലീസ് എന്തു കുററംചെയ്തു. ഐ. ജി. യെപ്പററി വ്യക്തിപരമായനിലയിൽ അധിക്ഷേപിച്ചല്ലോ. അദ്ദേഹം ഔദ്യോഗികനിലയിൽ ബസ്സുവിനുവണ്ടി പ്രവർത്തിച്ചതായി എനിക്കിതുവരെ ആരോപണം ലഭിച്ചിട്ടില്ല. ഐ: ജി. ഏതേതു അവസരത്തിത്തിൽ ആരോടെങ്കിലും ചെയ്ത സംഗതികളെ അടിസ്ഥാനപ്പെടുത്തി എന്തെങ്കിലും പറയുന്നതു നന്നല്ല. അടിയന്തിരപ്രമേയത്തിനു് വലിയ പ്രസക്തിയില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. മി. ഉദയഭാനുവിന്റെ പ്രസംഗം എന്റെ വിശദീകരണത്തിനു് ആവശ്യപ്പെട്ടുകൊണ്ടായിരുന്നു. അതിനു ഞാൻ കടമപ്പെട്ടവനാണ്. ഞാനു മുൻപുചെയ്ത പ്രസംഗത്തിൽ പ്രസ്താവിച്ചതു് ജന്മിമാർ അനാവശ്യമായി കുടിയിറക്കുന്നുവായി അറിവുകിട്ടിയിട്ടുണ്ട്. അതിനു പോലീസുകാർ ജന്മിഭാഗത്തുചേർന്ന് അടുകടിക്കാരെ ഉപദ്രവിക്കേണ്ട എന്നും സമധാനലംഘനം ഉണ്ടായാൽമാത്രം പോലീസ് ഇടപെട്ടാൽ തീയെന്നു മാണെ, ഇവിടെ ബിൽ വരുമെന്നുള്ളതുകൊണ്ടു പല ജന്മിമാരും അടുകടിക്കാരെ ഇറക്കിയാൽ എന്താണ് ചെയ്യുക എന്നുള്ള ചോദ്യത്തിനു അടുകടിക്കാർ ന്യായമെന്നു തോന്നുന്നപക്ഷം തൽക്കാലം ഇറങ്ങേണ്ടതില്ലെന്നു പ്രസ്താവിച്ചു, അതുകൊണ്ടു പ്രമേയപ്രയോക്താവിനോടു എനിക്കു പറയുവാനുള്ളതു കുടിയിറക്കുന്നതു സംബന്ധിച്ചുള്ള തത്വത്തിനുവേണ്ടിയാണ് പ്രമേയം കൊണ്ടുവന്നതെങ്കിൽ ആ തത്വത്തെ ഗവണ്മെൻറു അംഗീകരിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച ബിൽ തീങ്കളാഴ്ച നിയമസഭയിൽ കൊണ്ടുവരുന്നുണ്ടെന്നുമാണ്, അതിനാൽ പ്രമേയം പിൻവലിക്കപ്പെടുമെന്നു വിശ്വസിക്കുന്നു:

പ്രമേയം പിൻവലിക്കപ്പെട്ടു: 6 മണിക്കു സഭ പിരിഞ്ഞു.

മുൻപ്രതിഷേധസത്യഗ്രഹം ഉദ്ഘാടനംചെയ്തു

സത്യഗ്രഹികൾകരിങ്കൊടിയുമേന്തിപൊരിവെയിലത്തു്; നഗരമെങ്ങും സൈക്കിൾ റാലികൾ

(സ്വന്തംലേഖകൻ) കോട്ടയം, കുംഭം 8

ഇന്നു പ്രഭാതമായപ്പോഴേക്കും കോട്ടയം പട്ടണം സർവത്ര കരിങ്കൊടികളാലും "കുത്തക അവസാനിപ്പിക്കുക" "മുനസിപ്പൽ തെരഞ്ഞെടുപ്പു നിർത്തി വയ്ക്കുക" "സമുദായനീതി പാലിക്കുക" "ന്യൂനപക്ഷങ്ങളെ രക്ഷിക്കുക" എന്നീ വിളികളാലും സർവത്ര മുഖരിതമായിരുന്നു. പൗരസ്വാതന്ത്ര്യസമിതിയുടെ മുൻപരിപാടി അനുസരിച്ച് ഇന്നു രാവിലെ ഏഴരമണിക്കു പൗരസ്വാതന്ത്ര്യസമിതി ആഫീസിൽ നിന്നു കരിങ്കൊടികളും വഹിച്ചുകൊണ്ടുള്ള ആദ്യത്തെ പ്രതിഷേധജാഥ മുനസിപ്പൽ മന്ദിരത്തെ ലക്ഷ്യമാക്കിക്കൊണ്ടു നീങ്ങിക്കഴിഞ്ഞു പ്രതിഷേധജാഥയുടെ മുന്നണിയിൽ പൗരസ്വാതന്ത്ര്യസമിതി എന്നെഴുതിയിരുന്ന ഒരു വലിയ ബോർഡ് കരിങ്കൊടി വഹിച്ച രണ്ടു വാളണ്ടിയറന്മാർ വഹിച്ചിട്ടുണ്ടായിരുന്നു. അതിനു പുറകിലായി സത്യഗ്രഹത്തിന്റെ ഉൽഘാടകരും ആദ്യസത്യഗ്രഹലിസ്റ്റിൽ പെട്ടവരുമായ മെ: എൻ. ഗോവിന്ദമേനോൻ, ആർ. കെ. കർത്താവും പൊതുജനങ്ങളോടു വീടുചോദിച്ചു സത്യഗ്രഹത്തിനു പുറപ്പെട്ട ഒരു രംഗം "മഹാത്മാഗാന്ധി കീജെ" വിളികളാൽ ശോകനിർഭരമായിരുന്നു. തദവസരത്തിൽ സത്യഗ്രഹികളെ പുഷ്പമാല്യമണിയിച്ചു പൊതുജനങ്ങൾ യാത്രയാക്കി. സമിതിയുടെ കാര്യദർശി മുരും മററനേകം ദേശാഭിമാനികളും ജാഥയെ പിന്തുടർന്നു. മുദ്രാവാക്യങ്ങളും വിളിച്ചു

കോട്ടയം

മതിലകം, ലോറിക്കും ബസ്സിനുമിടയ്ക്ക് ഞെങ്ങി ഞെരിഞ്ഞു പോയ ഏററവും ഒടുവിലത്തെ ആൾ ത്രയിലേക്കു മാററിയിരിക്കുന്നതെ കുംഗോപുരം ഭാഗത്തു നിന്നു യൂണിയൻ ക്ലബ് ഭാഗത്തേയ്ക്കു പോകുന്ന വില്ലേജ് റോഡിൽ വെച്ചാണ് ഈ അപകടം നേരിട്ടതെന്നറിയുന്നു. ലോറിക്കും മററും സുഗമമായി കടന്നുപോകത്തക്ക വീതി ഈ വഴിക്കില്ലെന്നാണറിയുന്നതു്.

കോട്ടയം തിരുവാർപ്പ് ലൈനിൽ അറുപുഴ എന്ന സ്ഥലത്തിനു വടിഞ്ഞാട്ടു് ഏകദേശം രണ്ടു ഫർലാങ്ങിൽ കുറയാതെയുള്ള റോഡിന്റെ സ്ഥിതി വളരെ പരിതാപകരമാണ്. ഈ ഭാഗം റോഡ് വളരെ വീതി കുറഞ്ഞും അററവെള്ളത്തിന്റെ തള്ളൽ നിമിത്തം അടിഭാഗത്തു കുഴികൾ നിറഞ്ഞും കിടക്കുന്നു. ദിവസം മൂന്നു ബസ്സുകൾ ഫുൾലോഡോടെ ശരാശരി 24 ട്രിപ്പുകൾ നടക്കുന്ന ഇവിടെ ഒന്നു കുന്നു കാര്യത്തിൽ പൊതുമരാമത്തു ഡിപ്പാർട്ടുമന്റിന്റെ സത്വരശ്രദ്ധ പതിയേണ്ടതാണ്.

മേജസ്റ്റി ഗവർണ്ണർ പ്രഭുവിന്റെ [illegible] ജന്മദിനം, യുവരാജാവിന്റെ [illegible] തീയതി [illegible] ഏതുമെന്നു [illegible] നിന്നും ഇടപ്പള്ളിയത്തു് [illegible] ഇരുപത്തിരണ്ടു ദിവസം [illegible] സിച്ച ശേഷം 19-ാം തീയതി തിരിച്ചെത്തി സ്റ്റെയ്ത്ത് ബംഗ്ലാവിൽ [illegible] ഏറെ [illegible] ഇടപ്പഴത്തെ പ്രോഗ്രാമെന്നറിയുന്നു.

ഓർഡിനറി റോഡിനു് ഇരുവശവും 3 അടി വീതിയിൽ മെററൽ ഇടാൻ വേണ്ടിയുള്ള പ്രാരംഭജോലികൾ ആരംഭിച്ചിരിക്കുന്നതായി കാണുന്നു.

ഉന്നതി ഏതുസമയത്തിലും ഒട്ടിഞ്ഞു വീഴത്തക്ക നിലയിൽ മുൻസിപ്പാലിറ്റിക്കു വടക്കുവശം റോഡ് മുറിച്ചുകടന്ന സമീപം ഒരു പ്ലാവു നിൽപ്പുണ്ട്. സാധാരണ ആളുകൾ ഇതിലൂടെ ഈ പ്ലാവിന്റെ ചുവട്ടു് വിശ്രമസ്ഥലമായി ഉപയോഗപ്പെടുത്തുന്നതുകൊണ്ടു് അപകടം നേരിടാതെ കഴിയുവാൻ ഈ പ്ലാവു് വെട്ടിമാററേണ്ടതു അവശ്യമാണ്.

Telegrams.-"ACCURATE" Telephone 8210

THE CENTRAL AUTO PARTS CO.,

Direct Importers & Automobile Specialists,
26 General Patters Road,
Mount Road, Madras.

Telegrams:- ACCURATE, Telephone;-79

Branch:-2/519, Avanasi Road, COIMBATORE.

We are the largest stockists of *Genuine* Spare parts for Ford, Chevrolet & other Continental Trucks, as well as for all English & American Cars, batteries, Garage equipments and machine tools are available with us at all times and are sold at very COMPETITIVE RATES

Enquire us

before you make your choice elsewhere

YOUR SATISFACTION IS OUR ASSET.

എട്ടുശാസ്ത്രഗ്രന്ഥങ്ങൾ

1. ഹിപ്പ്നോട്ടിസം (മെസ്മറിസം) മനുഷ്യരെ ഉറക്കുക, മരംപോലെ മരവിപ്പിക്കുക, രോഗം ഭേദമാക്കുക മുതലായവ സവിസ്തരം വിവരിച്ചിരിക്കുന്നു. പ്രാരംഭപാഠം 3 രൂപാ-ഉപരിപാഠം 3 രൂ. 8 ണ.
2. സ്വപ്നജാതകം:- മലയാളം അറിയാവുന്ന എല്ലാവർക്കും ജ്യോതിഷം പഠിച്ചു ഫലം അറിയാനുള്ള പററിയഗ്രന്ഥം. ഒന്നും രണ്ടും ഭാഗങ്ങൾ 4 രൂപാ.
3. സ്വപ്നശാസ്ത്രം:- എല്ലാ സ്വപ്നങ്ങളും അതിന്റെ ശരിയായ അർത്ഥവും വിവരിക്കുന്നു. 1 രൂ. 12 ണ.
4. ഗൗളിശാസ്ത്രം:- പല്ലി ചൊല്ലിന്റെ അർത്ഥം 2 രൂ
5. മുഖലക്ഷണശാസ്ത്രം:- മുഖത്തിന്റെ രൂപം, ആകൃതി, വലിപ്പം, മുതലായവയെ മനസ്സിലാക്കി ഒരു വ്യക്തിയുടെ സ്വഭാവം നിർണ്ണയിക്കുന്നതിനു പററിയ ശാസ്ത്രഗ്രന്ഥം. വില 1 രൂ. 8 ണ.
6. ഹസ്തരേഖാശാസ്ത്രം:- കൈരോവിന്റെ ഹസ്തരേഖാശാസ്ത്രം സമ്പൂർണ്ണം. 2 രൂ. 8 ണ:
7. ശകുനശാസ്ത്രം:-ശകുനം ലക്ഷണം ആദിയായവ. 2 രൂ
8. കാമസൂത്രം:- ഒന്നാംതരം രതിശാസ്ത്രം. 2 രൂപാ:

എല്ലാററിനും വി. പി. ചിലവു പുറമെ.

ഓറിയൻറ് അഡ്വർട്ടൈസേർസ് ലിമിററഡ്., കെ. കെ. റോഡ്, കോട്ടയം.

ദി ഈസ്റേറൺ മെർക്കൻറയിൽ ബാങ്ക് (ക്ലിപ്തം)

ഹെഡാഫീസ്: ചങ്ങനാശ്ശേരി:

ബ്രാഞ്ചുകൾ:—ആലുവാ, കമ്പിക്കാട്, തിരുവല്ലാ, വാഴൂർ.

സകലവിധ ബാങ്ക് ഇടപാടുകളും നടത്തുന്നതാണ്. ആദായകരമായ പലിശനിരക്കിൽ എല്ലാവിധ ഡിപ്പോസിററുകളും സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

ജി. കെ. നാരായണപിള്ള, മാനേജിംഗ് ഡയറക്ടർ.

നാദസ്വരം

മുല്ലയ്ക്കൽ ബ്രദേഴ്സ്
FOR BOOKINGS,
Apply to:-
കെ. കൃഷ്ണപ്പണിക്കർ,
മുല്ലയ്ക്കൽ, ആലപ്പുഴ.
ജി. രാഘവപ്പണിക്കർ,
കുമരകം.

ഓർഡിനറി റോഡിനു് ഇരുവശവും 3 അടി വീതിയിൽ മെററൽ ഇടാൻ വേണ്ടിയുള്ള പ്രാരംഭജോലികൾ ആരംഭിച്ചിരിക്കുന്നതായി കാണുന്നു:

അയൺ ടോണിക്ക്

വിശപ്പില്ലായ്മ, കുട്ടികളുടെ വിളർച്ച, മലേറിയാ മൂലമുണ്ടാകുന്ന വിളർച്ച, പ്രസവരക്ഷം കുറയുന്ന സ്ത്രീകൾക്കു് ഇതുൾക്കൈകണ്ട സിദ്ധൌഷധം.

1 പാ. കുപ്പി 1-ക്ക് 5 രൂപാ.

ഫാർമസ്യൂട്ടിക്കൽ വർക്കേഴ്സ്, വള്ളക്കടവ്, തിരുവല്ല.

ചീഫ് വൈദ്യൻ
എസ്. എസ്. പിള്ള.

രക്ഷാകേന്ദ്രം

ശശാങ്ക മൂത്രാശയരോഗങ്ങൾ പിടിപെട്ടു് യാതൊന്നുകൊണ്ടും ആശ്വാസം കാണാതെ പരവശപ്പെട്ടു് വലയുന്ന സഹോദരസഹോദരന്മാർക്കു പൂർണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണ് ശശാങ്ക: സ്വപ്നം, പഴുപ്പുപോക്കു്, പ്രമേഹം, മൂത്രച്ചൂടു്, മൂത്രത്തിലുള്ള അടിവു് (കല്ലുകൾ), വയറെറരിച്ചിൽ, അസ്വാസ്രാവം (സ്ത്രീകൾക്കുണ്ടാവുന്ന വെള്ളപോക്കു്), രക്തംപോക്കു് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരു പോലെ ആശ്വാസകരം:

24 നേരത്തേക്കുള്ള പാക്കററിന്നു വില രൂപാ 3. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം:

N. B. പഴക്കമേറിയ രോഗങ്ങൾക്കു കമ്പ്ളീററ് കോഴ്സു മൂന്നു മാസമാണ്.

വിജയാഫാർമസി,

H. O. തട്ടാരമ്പലം, P. O. മാവേലിക്കര, തിരുവിതാംകൂർ.

രോഗവിവരക്കുറിപ്പുകൾ ചീഫ് വൈദ്യൻ എസ്. എസ്. പിള്ള, വിജയാഫാർമസി, മാവേലിക്കര എന്ന വിലാസത്തിലെഴുതുക:

കഥ

(മാസിക).

ഒന്നും രണ്ടും ലക്കങ്ങൾ

തകഴി, കേശവദേവ്, കുട്ടികൃഷ്ണൻ, പോഞ്ഞിക്കര റാഫി, പൊററക്കാട്ടു്, കൃഷ്ണവാര്യർ, കരൂർ, പൊൻകുന്നം വർക്കി തുടങ്ങിയവരുടെ ഇരുപതു കഥകൾ—അതിമനോഹരമായ കവർചിത്രങ്ങളും-രണ്ടിനും കൂടി ഒരു രൂപാ-ഭാരോന്നും 100 പേജുകൾ—

വി. പി-യായി ആവശ്യപ്പെടുക. (രണ്ടുപ്രതികളിൽ കുറഞ്ഞു വി. പി. ആയച്ചുകയില്ല) ഒററപ്രതിക്കു 15 ചക്രം സ്റ്റാമ്പയച്ചു തരണം. ഏജന്റന്മാർക്കു 25 ശതമാനം കമ്മീഷൻ നൽകും.

നാഷനൽ ബുക്സ്റ്റാൾ
ക, ബസ്റ്റാർ, കോട്ടയം.

ഗീതാഞ്ജലി

ഭാഗോറിന്റെ വിശ്വവിഖ്യാത ഗ്രന്ഥം—മനോഹരമായ ഗദ്യപരിഭാഷ—ലൈബ്രറിപ്രതിപ്പ്. 2 ക. വി. പി. യായി ആവശ്യപ്പെടുക.

നാഷനൽ ബുക്സ്റ്റാൾ.
ക: ബസാർ, കോട്ടയം.

എസ്. പി. സി. ക്ലിപ്തം, തൊടുപുഴ.

ഏജൻ സി { 1. P. S. Gopala Pillai, ഭാരത ഏജൻസി ക്ലിപ്തം, പാലാ.
2. Dr. V. P. Varghese, വലിയകളങ്ങര മെഡിക്കൽസ്റ്റോഴ്സ്, കുത്താട്ടുകുളം

"ആയുർവേദ ഔഷധങ്ങളുടെ യഥാർത്ഥ ഗുണങ്ങൾക്കു എസ്. പി. സി. ഔഷധങ്ങൾ സാക്ഷ്യം വഹിക്കുന്നു.'

"ധാതുസാർ"
(വിശിഷ്ടമൂലികകൾ, ലോഹഭസ്മങ്ങൾ, ജീവകങ്ങൾ etc.) സർവ്വധാതുക്ഷയവും ഏകകാലത്തിൽ വർദ്ധിപ്പിക്കുന്ന വിശിഷ്ടമായ ടോണിക്, ഉഷ്ണരോഗങ്ങൾ, വാതവികാരങ്ങൾ, ക്ഷയം, നാഡിക്ഷീണം, ക്ഷതവു്, അർശസ്സിൽ നിന്നുള്ള രക്തസ്രാവം, മലബന്ധം ഇവയെ മാററുന്നു. ശരീരപുഷ്ടിക്കും ഉല്ലാദനേന്ദ്രിയബലത്തിനും ഉത്തമൌഷധം: 1 lb കുപ്പി 6 ക.

"ബാലകല്പം"
(ഉരുക്കു തുടങ്ങിയ നാല്പതരം ലോഹസ്മൈകൾ, കാൽസ്യം, ജീവകങ്ങൾ etc.) ശിശുക്കളുടെ കരൾവീക്കം, ശ്വാസകാസ, കുടൽസംബന്ധിച്ചകുറികൾ, ദഹനക്ഷയം, വിളർച്ച, വയറു നോവു്, ഛർദ്ദി, ക്ഷീണം, നെഞ്ചുകുറുകുക, ചുമ, ജ്വരം ആദിയായ രോഗങ്ങളെ നിശ്ശേഷം ശമിപ്പിച്ചു ശരീരപുഷ്ടിനൽകുന്ന വിശിഷ്ടമരുന്നു്. 1 lb കുപ്പി 8 ക.

"പുഷ്യം"
(മൂലികകൾ, ധാതുദ്രവ്യങ്ങൾ, ജീവകങ്ങൾ etc.) [illegible] ആർത്തവം നഷ്ടപ്പെട്ടവർക്കു വിശേഷം. അഫിസ്രാവം, രക്തക്ഷയം, വിളർച്ച, മൂത്രച്ചൂടു്, വയറെരിച്ചിൽ, വയറുനോവു് ഇവ നിശ്ശേഷം ഭേദപ്പെടുത്തി ഗർഭാശയ ശുദ്ധിയും ആരോഗ്യവും നൽകുന്ന ഫലപ്രദമായ സിദ്ധൌഷധം. 1 lb കുപ്പി 5 ക.

വിധിപ്രകാരം ശ്രദ്ധാപൂർവ്വം തയ്യാറായ ഭസ്മസിന്ദൂരങ്ങൾ, ഘൃതങ്ങൾ ആദിയായ ഔഷധങ്ങൾ തയ്യാറുണ്ടു്. സ് അയച്ചു് ആവശ്യപ്പെടുക.

THE SOUTHERN PHARMACEUTICAL CORPORATION LTD. THODUPUZHA

[illegible] ഗുണകൂടുതലുമായ തൈലങ്ങൾ, [illegible] ആവിലയുടെ 1/4 [illegible]

മാനേജർ.

സോമനാഥവടികം (Regd)

സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം മുതലായവയെ പരിഹരിച്ചു്, യുവത്വം, രതിസുഖം ഇവ സമ്പാദിക്കുവാൻ വിശേഷം. ഒരു മാസത്തേക്കു് 7 രൂപാ.

വൈദ്യകലാനിധി പി. എൻ. പിള്ള, സർക്കാർ ആയുർവ്വേദവൈദ്യശാല, പൊൻകുന്നം.

A WORLD ATTRACTION
Appreciated by famous personalities is
KALANIDHI
having a good reputation and wide Circulation in the World
Apply for Adv; Rates to:-
Kalanidhi, Trivandrum.
Phone No. 554

THE DESABANDHU

വരിസംഖ്യ
(എല്ലാപ്പോഴും മുൻകൂർ)

	രൂ:	ണ.	സ.
ഏജൻസിവഴി	1	12	0
തപാലിൽ	2	0	0
അഞ്ചലിൽ	1	14	0

ഒററപ്രതി 2ചക്രം

അച്ചടക്കത്തോടു കൂടിയ സത്യഗ്രഹസമരം

പര്യവസാനത്തിൽ പബ്ളിക്ക് മീററിംഗ് അലങ്കോലപ്പെടുത്തി—സമ്മേളനത്തിനെതിരായി കൂക്കുവിളികളും കല്ലേറും, തുടർന്നു തീവയ്പും—

മുൻ: കൌൺസിൽ മീററിംഗിൽ മി: ഇട്ടിയുടെ വാക്കൌട്ട്

ഉച്ചയ്ക്കുമേൽ ഉള്ള നടപടികൾ

(സ്വ-ല)

കോട്ടയം, കുംഭം 8

തിരഞ്ഞെടുക്കപ്പെട്ട സ്വതന്ത്ര സ്ഥാനാർത്ഥിയായ മി. എം. ഐ. ഇട്ടി (ക്രിസ്ത്യൻ) ഒരടിയന്തിര നോട്ടീസു പ്രസിഡണ്ടു ചാർജ്ജു വഹിക്കുന്ന ഡിവിഷൻ പേഷ്ക്കാർക്കു നൽകുകയുണ്ടായി. നാലരമണിനോടുകൂടി മുനിസിപ്പൽ കൗൺസിലർമാർഉൾപ്പെട്ട ഒട്ടധികം ആളുകൾ മുനിസിപ്പൽ മന്ദിരത്തിന്റെ പുരോഭാഗത്തുള്ള നിരത്തിനു പടിഞ്ഞാറുവശമായി കറുത്തകൊടിയും പിടിച്ച് നിലകൊണ്ടിരുന്നു. 5—30നോടു കൂടി തിരഞ്ഞെടുക്കപ്പെട്ട (രജിസ്റ്റുവരെഴുകിയുള്ള) മെംബർമാരും ഉദ്യോഗസ്ഥമെംബർമാരും മുനിസിപ്പൽഹാളിൽ സന്നിഹിതരായിരുന്നു. സ്വ: സ്ഥ: മി. എം. എം. ചാക്കോ സന്നിഹിതനായിരുന്നില്ല. ആദ്യമായി ഡിവിഷൻപേഷ്ക്കാർ അടിയന്തിര നോട്ടീസു മുനി: കമ്മീഷണരുടെ വിശദീകരണത്തിനുശേഷം തള്ളപ്പെട്ടു. ഇതിൽ പ്രതിഷേധിച്ചു നോട്ടീസു കൊടുത്തിരുന്ന സ്വ: സ്ഥ: മി. ഇട്ടിതന്റെ പ്രതിഷേധസൂചകമായി ഹാൾവിട്ടിറങ്ങിപ്പോയി. മി. ഇട്ടി മുൻസിപ്പൽ ഹാളിനു വെളിയിൽ വന്നപ്പോൾ മി. ടി. കെ. കിട്ടന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രതിഷേധയോഗം കൂട്ടുകയുണ്ടായി. മൈതാനം ജനനിബിഡമായിരുന്നു. ഉച്ചഭാഷിണിയന്ത്രം ഘടിപ്പിച്ചിരുന്നെങ്കിലും പ്രസംഗവേദിയുടെ ഉത്തരഭാഗത്തായി വിശാലമായി ഒരു കൺവൻഷനുവേണ്ടി തയ്യാർ ചെയ്തിരുന്ന പന്തലിൽനിന്നു തുടർച്ചയായി കൂക്കുവിളികളും ഒച്ചപ്പാടും ഉണ്ടായെങ്കിലും അദ്ദേഹം ഉപക്രമപ്രസംഗം നടത്തി: തുടർന്നു മി. കർത്തയെ അദ്ദേഹത്തെ ഹാരം അണിയിച്ചു. റോഡിൽ കൂടിയിരുന്ന വമ്പിച്ച ജനാവലി അദ്ദേഹത്തെ ആഹ്ളാദപൂർവ്വം സ്വീകരിച്ചു മി; ജോസഫ് മാളേയ്ക്കൻ തന്നെ പ്രസിഡണ്ടായി എതിരില്ലാതെ തിരഞ്ഞെടുത്തതായി അദ്ധ്യക്ഷൻ പ്രസ്താവിച്ചു. ഇതോടുകൂടി കൗൺസിൽ മീററിംഗ് സമാപിച്ചു. തുടർന്നു തിരുനക്കരമൈതാനത്തുവെച്ചു മി ടി. കെ. കിട്ടന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രതിഷേധയോഗം കൂട്ടുകയുണ്ടായി. മൈതാനം ജനനിബിഡമായിരുന്നു. ഉച്ചഭാഷിണിയന്ത്രം ഘടിപ്പിച്ചിരുന്നെങ്കിലും പ്രസംഗവേദിയുടെ ഉത്തരഭാഗത്തായി വിശാലമായി ഒരു കൺവൻഷനുവേണ്ടി തയ്യാർ ചെയ്തിരുന്ന പന്തലിൽനിന്നു തുടർച്ചയായി കൂക്കുവിളികളും ഒച്ചപ്പാടും ഉണ്ടായെങ്കിലും അദ്ദേഹം ഉപക്രമപ്രസംഗം നടത്തി: തുടർന്നു മി. കർത്തയെ അദ്ദേഹത്തെ ഹാരം അണിയിച്ചു. റോഡിൽ കൂടിയിരുന്ന വമ്പിച്ച ജനാവലി അദ്ദേഹത്തെ ആഹ്ളാദപൂർവ്വം സ്വീകരിച്ചു മി; ജോസഫ് മാളേയ്ക്കൻ തന്നെ പ്രസിഡണ്ടായി എതിരില്ലാതെ തിരഞ്ഞെടുത്തതായി അദ്ധ്യക്ഷൻ പ്രസ്താവിച്ചു. ഇതോടുകൂടി കൗൺസിൽ മീററിംഗ് സമാപിച്ചു. തുടർന്നു തിരുനക്കരമൈതാനത്തുവെച്ചു മി ടി. കെ. കിട്ടന്റെ അ

കോട്ടയം യോഗത്തിൽ ഗുണ്ടായിസ്സം

അക്രമികളുടെ മേൽ നിർദ്ദാക്ഷിണ്യ നടപടികൾ കൈക്കൊള്ളണമെന്ന്

മെ: എൻ. ഗോവിന്ദമേനോൻറെയും, ആർ. കെ. കർത്താവിന്റെയും സംയുക്ത പ്രസ്താവന

മെ. എൻ: ഗോവിന്ദമേനോനും, ആർ. കെ. കർത്താ എന്നിവർ ചേർന്നു താഴെ പറയുന്ന പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു:—

പൌരസ്വാതന്ത്ര്യസമിതി ആക്ഷൻ കമ്മററിയുടെ തീരുമാനമനുസരിച്ച്, കോട്ടയംമുൻസിപ്രസിഡണ്ടിന്റെ തിരഞ്ഞെടുപ്പിനെയും മററും പ്രതിഷേധിച്ചുള്ള സത്യഗ്രഹപരിപാടികളും പ്രകടനങ്ങളും ഇന്നുകാലത്തു 8 മണി മുതൽ വൈകിട്ടു 5-30 വരെ ഏററവും അച്ചടക്കത്തോടും സമാധാനപൂർവമായും നടത്തപ്പെട്ടു. അഞ്ചരമണിക്കുമേൽ മുനിസിപ്പൽമൈതാനത്തു മി. ടി. കെ. കിട്ടന്റെ അദ്ധ്യക്ഷതയിൽ പ്രതിഷേധയോഗമാരംഭിച്ചപ്പോൾ യോഗസ്ഥലത്തിന്റെ വടക്കുമാറി ക്രിസ്ത്യൻ കൺവൻഷനുവേണ്ടി തയ്യാറാക്കിയിരുന്ന പന്തലിനകത്തുകൂടി നിന്നിരുന്ന ഒരു സംഘം ആളുകൾ കൂക്കുവിളിയും ബഹളവും തുടങ്ങി. അതിനെ അവഗണിച്ചു അദ്ധ്യക്ഷൻ ഉപക്രമപ്രസംഗം നടത്തി. തുടർന്നു പ്രമേയാവതരണത്തിനായി ഞങ്ങളിൽ മി. കർത്താവ് പ്രസംഗമാരംഭിച്ചപ്പോൾ മേല്പറഞ്ഞ സംഘാംഗങ്ങൾ നിന്നിരുന്ന സ്ഥലത്തുനിന്നു പ്രസംഗസ്ഥലത്തേക്കു കല്ലേറു തുടങ്ങി. അതിൽ ഒരു കല്ല് മി. കർത്താവിന്റെ നെഞ്ചിൽ വന്നുകൊണ്ടു, മററുപലർക്കും കല്ലേറുകൊണ്ടു; രണ്ടുപേർക്കു കല്ലേറുമൂലം മുറിവുപററിയതായി ഞങ്ങൾ കണ്ടു: ഇത്രയുമായിട്ടും മൈതാനത്തിന്റെ മററുഭാഗങ്ങളിലുണ്ടായിരുന്ന സദസ്യർ ശാന്തരായും അച്ചടക്കത്തോടുകൂടെയും ഇരുന്നു. മി. കർത്താ ആദ്യത്തെ മൂന്നു പ്രമേയങ്ങളും വായിച്ചു; പ്രമേയങ്ങൾ പാസ്സാക്കപ്പെട്ടു. നാലാമത്തു പ്രമേയമവതരിപ്പിച്ചുകൊണ്ടു മി. എം. ആർ. ജി. പണിക്കർ പ്രസംഗിച്ചുകൊണ്ടു നിൽക്കവെ പന്തലിനകത്തുനിന്നു ഏതാനുംപേർ പന്തൽ പൊളിക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നതു കണ്ടു. തുടർന്നു പന്തലിന്റെ ഒന്നുരണ്ടു ഭാഗത്തു തീജ്വാല കണ്ടതോടുകൂടെ സ്ഥിതിഗതികൾക്കുടുതൽ വഷളാകുന്നു ണ്ടെന്നു കണ്ടു അദ്ധ്യക്ഷൻ യോഗം പിരിച്ചുവിട്ടു. പോലീസ്സുകാർ ഈ അവസരത്തിൽ കത്തിക്കൊണ്ടിരുന്ന പന്തലിൽ പെട്ടെന്ന് പ്രത്യക്ഷപ്പെട്ട് തീ പടർന്നുപിടിക്കാതെ ബാക്കിവന്നതു പൊളിച്ചുമാററുകയും തീ കെടുത്തുകയും ചെയ്തു. കുഴപ്പക്കാരുടെ പരിപാടികൾ വിജയകരമായി നടത്തി അവസാനിക്കാറായ സന്ദർഭത്തിൽ ഈ വിധം അക്രമാസക്തിക്കു വിധേയരായി പെരുമാറുകയും, ഭയങ്കരമായ ഭവിഷ്യത്തുകളെപ്പററി ചിന്തിക്കാതെ തീവയ്പ്പുപോലും നടത്തുകയും ചെയ്തവരുടെ മനോഭാവത്തെ എത്രതന്നെ അപലപിച്ചാലും അധികമായി പോകുന്നതല്ല. ഈ അക്രമങ്ങൾക്കു തയ്യാറായവർ ആരുതന്നെയായാലും അവരുടെ സ്വാധീനബലങ്ങളൊന്നും പരിഗണിക്കാതെ നിയമത്തിന്റെ സൂക്ഷ്മഹസ്തങ്ങൾ നിർദ്ദാക്ഷിണ്യം പ്രവർത്തിച്ചു കാണാനുദ്ദേശിക്കുന്നു.

പരസ്യം

ചങ്ങനാശേരി മുൻസിഫ് കോർട്ടിൽ

1124 സി നമ്പ്ര 106

വാദി: വാഴപ്പള്ളി കിഴക്കുഭാഗം പകുതിയിൽ ടി മുറിയിൽ കാട്ടപറമ്പിൽ പ്രാൻസിസു ലോബ് ജോർജ് ലോബ്.

വാദിഭാഗം അഡ്വാക്കററു സി ഗോപാലപ്പണിക്കർ

3-ാം-പ്രതി വാഴപ്പള്ളികിഴക്കുഭാഗം പകുതിയിൽ ടി മുറിയിൽ നെട്ടഞ്ചിറ പുതുപ്പറമ്പിലായ ബംഗ്ലാവുപറമ്പിൽ ഇസ്മായിൽ കനിരാവുത്തർ കാതിരുറാവുത്തർ

മേൽനമ്പർ കേസിൽ 3-ാം പ്രതിക്കു പല പ്രാവശ്യവും സമൻ അയച്ചതിൽ മടങ്ങിവന്നിട്ടുള്ളതിനാൽ കേസു 1124 കുംഭം 18-ാംനു- വിചാരണയ്ക്കു അവധിവച്ചിട്ടുള്ളതും അന്നേദിവസം പകൽ 11 മണിക്കു ഈ കച്ചേരിമുമ്പാകെ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം 3-ാംപ്രതിയെക്കൂടാതെ കേസ് തീർച്ചചെയ്യുമെന്നുള്ള വിവരം ഇതിനാൽ പരസ്യപ്പെടുത്തിയിരിക്കുന്നു.

എന്ന് ഉത്തരവിൻപ്രകാരം

ഹെഡ്ക്ലർക്ക് (ഒപ്പ്)

12 4 കുംഭം 7-ാംനു-

മന്നത്തിന്റെ പ്രസംഗം

(ഒന്നാംപേജിൽനിന്നു തുടർച്ച)

ന് ഒരു ശിക്ഷയെന്നുപോലെ കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലാണിതു്. എല്ലാം ഇവിടെ ജനസംഖ്യാനുപാതികമാണെല്ലോ. ഉദ്യോഗം, പ്രാതിനിധ്യം എല്ലാം. ഇതും അങ്ങിനെയാകട്ടെ. ജനസംഖ്യയും കൈവശമുള്ള വസ്തുവും തിട്ടപ്പെടുത്തി വസ്തുവിന്റെ തോതനുസരിച്ച് പാവപ്പെട്ടവനു വിട്ടുകൊടുക്കാം. അതിനു തയ്യാറില്ല. ഇന്നത്തെ ഗവർമ്മെന്ററിനെ നയിക്കുന്ന ഏക വർഗ്ഗക്കാർക്കു ഒരു സെനറുപോലും നഷ്ടം വരുത്താതെ, പാട്ടത്തിനു കൊടുത്തെങ്കിലും സഹായിച്ചവരെ, അവരുടെ സകല ചൈതന്യശക്തിയും ജീവിത നിലയും ഒന്നോടെ ഇല്ലാതെയാക്കി അവരെ പിശിടായി പുറത്തുതള്ളാൻ കാൺഗ്രസ്സ് ഗവർമ്മെന്റു പുതുതായി കണ്ടു പിടിച്ച ഇന്ദ്രജാലവിദ്യയാണിതു്. ഇന്നു വസ്തുക്കളുള്ളവരുടെ കയ്യിൽ തന്നെ ഈ വസ്തുക്കളെല്ലാം ചെന്നുചേരും.

അഡ്വാക്കററ് ജനറൽ— ഇതു് ഒരു കൊല്ലത്തേയ്ക്കുമാത്രമുള്ള ബില്ലാണെന്നറിയാമോ?

മി. മന്നം—അറിയാം. അതാണല്ലോ ഇതു് ജനങ്ങളുടെ കണ്ണിൽ മണ്ണിടാനു കൊണ്ടുവന്ന ബില്ലാണെന്നു ഞാൻ പറഞ്ഞതു്. വിററതിനും തട്ടിക്കൊണ്ടുപായതിനുംശേഷം ഉള്ള വസ്തുക്കൾ പാട്ടത്തിനുകൊടുത്തു് പഴയ സമ്പ്രദായത്തിൽ ഒതുങ്ങി ദാരിദ്ര്യമായി കഴിഞ്ഞുകൂടുന്നവരുടെ വസ്തുക്കൾ കൂടി എടുത്തു് പുതിയ സമ്പാദ്യക്കാർക്കു കൊടുക്കാനും അവർക്കൊന്നും നഷ്ടംവരാതിരിക്കാനും ഉള്ള ഫില്ലാണെന്നു തുറന്നു പറയണം. ഒരു കൊല്ലം കഴിഞ്ഞാൽ ഇതു റദ്ദുചെയ്യാൻപോകയാണോ. യുദ്ധകാലപരിതഃസ്ഥിതിയെ നേരിടാൻ കൊണ്ടുവന്ന ബില്ലായിരിക്കും ഇതു്. ഇനുമാതിരി കാര്യങ്ങളിൽ മുമ്പോട്ടുവച്ച കാൽ പിന്നോട്ടുവയ്ക്കാൻ സാദ്ധ്യമല്ലെന്നു ഓർക്കണം ഇതു് അന്യായമെന്നു പറഞ്ഞാൽ പോരാ അക്രമവുംകൂടിയാണു്.

സർ; നിയമത്തിന്റെയോ നീതിയുടെയോ യുക്തിയുടെയൊ കണികപോലും ഈ ബില്ലിൽ കാണുന്നില്ല. പണംകൊടുത്തു വാങ്ങിയതോ പ്രയത്നിച്ചുണ്ടാക്കിയതോ ആയ വസ്തുക്കളെല്ലാം ഒരുദിവസം കാലത്തെ ഉടമസ്ഥന്റെതല്ല തായിത്തീരുന്ന ഈ വിദ്യ ആരെയും അത്ഭുതപ്പെടുത്തുന്നതാണു്. ഒരു കാശു് ഉടമസ്ഥനു കിട്ടുന്നുമില്ല. ഒന്നും കൊടുക്കാതെ കോടിക്കോടിക്കണക്കിനുള്ള രൂപയുടെ സ്വത്തു് വെറുതെയിരിക്കുന്നവരുടെ കയ്യിലേയ്ക്കു പകരുകയാണു്. ഇതാണു് രക്തം ചിന്താത്തവിപ്ളവം. അനേകായിരപ്പറനിലങ്ങളുടെ ഉടമസ്ഥരായ തെക്കേടത്തുഭട്ടതിരിക്കും, ഇളവംമേത്തിലേക്കും ഇനു് ആവശ്യംവരുന്നപക്ഷം എത്ര ലക്ഷം രൂപാ വേണമെങ്കിലും കടം കിട്ടും. ഈ ബിൽ പാസ്സായാൽ ദിനചിലവിനുപോലും ഒരു പൈ കടംകിട്ടാൻ സാദ്ധ്യമല്ല. ഇതിനു് അവർ എന്തപരാധംചെയ്തു. പാട്ടം പോലും മേലാൽ ശരിയായി കിട്ടുകയില്ല. പാട്ടക്കാരുടെ സത്യസന്ധതകൊണ്ടല്ലേ വസ്തു ഒഴിഞ്ഞുപോകണമെന്നു വിചാരിച്ചാണു് മിക്കവരും പാട്ടംകൊടുക്കുന്നതു്. വസ്തു ഒഴിഞ്ഞുപോകയില്ലെന്നു തീർച്ചപ്പെട്ടാൽ പാട്ടവും മുറയ്ക്കു കൊടുക്കണമെന്നില്ലെന്നു തോന്നിത്തുടങ്ങും. കേസ്സുകൊടുത്തു ഈടാകുമ്പോഴേയ്ക്കു അവർ പട്ടിണികിടന്നു മരിക്കും. വിശേഷിച്ചു ഈ ബ്ളാക്ക് മാർക്കററുകാലവും. ഇതുപോലെ അക്രമമായ ഒരു പിടിച്ചുപററി ഇതിനുമുമ്പുണ്ടായതായിക്കാണുകയില്ല. തോട്ടക്കാരെ ഈ ബിൽ ബാധിക്കയില്ല. ടൗൺ വസ്തുക്കളെ ബാധിക്കയില്ല. ഇതെല്ലാം ഇന്നത്തെ ഗവണ്മെന്ററിനെ നിലനിർത്തുന്നവരെ രക്ഷിക്കാനാണെന്നു സ്പഷ്ടമാണല്ലോ.

കുടിയിറക്കുനിരോധനബിൽ മാററിവച്ചിട്ടാണു് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതെന്നും ഓർക്കണം: ആ ബിൽ പാവപ്പെട്ടവനെ മാത്രം സംബന്ധിക്കുന്നതും അവർക്കു രക്ഷ നൽകുന്നതുമാണു്. തോട്ടക്കാരെ അവിടെയും രക്ഷിച്ചിട്ടുണ്ടു്. ആ ബിൽ മാററി വച്ചിട്ടു് ഈ ബിൽ കൊണ്ടുവന്നതിൽ നിന്നുതന്നെ കാണാവുന്നതാണു്. സാധുക്കളുടെ രക്ഷയേക്കാൾ മുതലാളിമാരുടെ പുഷ്ടിയാണു് ഇന്നത്തെ ഗവർമ്മെന്ററിനാവശ്യമായുള്ളതെന്നു് "ദേശീയപത്ര"മായ മനോരമ— ഇന്നത്തെ ഗവർമ്മെന്ററിനെ ഉപദേശിക്കയും നയിക്കയുംചെയ്യുന്നു എന്നു ഭാവിക്കുന്ന മനോരമ—പാട്ടം ഒഴിപ്പു നിരോധനബിൽ അവശ്യമാണെന്നും കുടിയിറക്കുനിരോധനബിൽ അത്യാവശ്യമാണെന്നും മുഖപ്രസംഗം എഴുതിട്ടുണ്ടു്. അങ്ങിനെയാണു് മനോരമയുടെ സാധുജനസംരക്ഷണം. അതനുസരിച്ചു മന്ത്രിസഭയും ബിൽ അവതരിപ്പിച്ചിരിക്കുന്നു. "പാവപ്പെട്ടവനെ" രക്ഷിക്കാൻവേണ്ടി ഇന്നുതന്നെ ഈ ബിൽ മൂന്നാംവായനയും നടത്താൻ ധൃതി കൂട്ടുന്നു. മന്ത്രിമാരിൽ ചിലർ ഇതു് ഇന്നുതന്നെ പാസ്സാക്കി ഏൽപിക്കാമെന്നു് അരോടോ കരാർ ചെയ്തിട്ടുവന്ന തിട്ടുകാണുന്നുണ്ടു്.

ഈ ബിൽ മാററിവച്ചിട്ടു് പാവപ്പെട്ടവർക്കെല്ലാം കുറേശ്ശെ വസ്തു കിട്ടാനും, അധികവസ്തുക്കളുള്ള പഴയതും പുതിയതുമായ മുതലാളിമാരിൽനിന്നും ആവശ്യമുള്ള വസ്തു എടുത്തു് പാവപ്പെട്ടവനു കൊടുക്കാനും തക്കവണ്ണം ഉടനെ ഒരു ബിൽ കൊണ്ടുവരേണ്ടതാണു്. അതിനിടയിൽ വസ്തുക്കളെല്ലാം ഒഴിപ്പിച്ചുകളയുമെന്നു പറയുന്നതിൽ അർത്ഥമില്ല. നമ്മുടെ സിവിൽകോടതിയെ നമുക്കറിഞ്ഞുകൂടെ. ഒഴിപ്പിച്ചിൽതന്നെ എന്താണു് എല്ലാവർക്കും വസ്തു കിട്ടുന്ന വ്യവസ്ഥയാണു് വരാൻ പോകുന്നതെങ്കിൽ കൈപൊക്കാൻ ആളുണ്ടെന്നു വിചാരിച്ചു് ഏതന്യായവും ഈ രാജ്യത്തു നപ്പിലാക്കാമെന്നു വിചാരിക്കുന്ന തപകടമാണു്. ഈ ബിൽ പാസ്സാക്കിയാൽ കമ്യൂണിസം ഈ രാജ്യത്തു് പടർന്നുപിടിക്കാനു കാലതാമസം വരികയില്ലെന്നു് ഓർത്തുകൊള്ളണം. ഈ ബിൽ പാസ്സാകുന്നതിനു മുമ്പുതന്നെ പാവപ്പെട്ടവർക്കു വസ്തുകൾ ഒഴിഞ്ഞുകൊടുക്കേണ്ടെന്നു പ്രധാനമന്ത്രി പൊതുയോഗങ്ങളിൽ പ്രസംഗിക്കുന്നു. പൂച്ച ആരും കാണാതിരിക്കാൻ കണ്ണടച്ചു പാൽ കുടിക്കുന്നതുപോലെ ഈ ബില്ലിന്റെ ഉദ്ദേശമെന്താണു്, മർമ്മഭാഗം എവിടെയാണു് എന്നാരും അറിയുകയില്ലെന്നും വിചാരിക്കുന്നതു മൌഢ്യമാണു്. പാവപ്പെട്ടവർക്കു യാതൊരു ഗുണവുമില്ലാതെ അവരുടെ പേരും പറഞ്ഞു് ആർക്കുവേണ്ടിയാണു് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതെന്നു് അറിയാത്തവരല്ല ഈനാട്ടുകാർ. ഇതെല്ലാം ജനസ്വാധീനം സമ്പാദിക്കാനുള്ള വിദ്യയാണു്. പൊതുജനഹിതം അന്വേഷിക്കാതെയും നോക്കാതെയും ഈ ബിൽ കൊണ്ടുവരുകയാണെങ്കിൽ നാശഫലം ഗൌനിക്കാതെയും അധികാരവും തൽക്കാലസ്വാധീനവും ഉപയോഗിച്ചു് ഈ ബിൽ പാസ്സാക്കിയാൽ ഈ രാജ്യത്തു് സമാധാനമുണ്ടാകയില്ലെന്നും ഗവണ്മെന്റു് ധരിക്കേണ്ടതാണു്.

അതുകൊണ്ടു് ഈ ബിൽ പിൻവലിക്കയും, പാവപ്പെട്ട സകലർക്കും പാർപ്പിനു് വസ്തു കിട്ടത്തക്കവണ്ണവും വസ്തുവിന്റെ അവകാശക്രമവും പരിമിതിയും ഇന്ന വിധത്തിലാണു് മേലാലിരിക്കുന്നതെന്നു വിവരിച്ചും എല്ലാവരോടും ബാധിക്കത്തക്കവണ്ണം ഒരു ബിൽ കൊണ്ടുവരി

നിയമസഭ

(ഒന്നാംപേജിൽനിന്നുതുടർച്ച)

ഞ്ഞെടുപ്പുകാലത്തു് മുൻസിഫ് ഉദ്യോഗമെം, മജിസ്ട്രേട്ടുദ്യോഗമെം കൊടുക്കാമെന്നു് പറഞ്ഞു് തിരഞ്ഞെടുപ്പിനു മററിനിറുത്തിയിട്ടു് യാതൊന്നിനും കൊള്ളാത്തവരെ ഉദ്യോഗത്തിൽനിയമിച്ചിട്ടു് അടുത്ത ദിവസം കൈക്കൂലിക്കാരും അന്യായക്കാരുമാണെന്നു പറഞ്ഞു് വരുന്ന പതിവു് നിർത്തലാക്കണമെന്നും ജുഡീഷ്യറിയിൽ എക്സിക്യൂട്ടീവു് കൈകടത്താതിരിക്കണമെന്നും, ഇപ്രകാരം കൈകടത്തിയതുകൊണ്ടു് ഹൈക്കോടതി ജഡ്ജി ജില്ലാക്കോടതി, ജഡ്ജിയായി അപേക്ഷിച്ചു പോകുവാൻ ഇടവന്നുവെന്നും ഭൂതകാലചരിത്രം അവർത്തിക്കാതിരിക്കുന്നതിനുവേണ്ടി വേണ്ടതു ചെയ്യേണ്ടതാണെന്നും, സമുദായപ്രാതിനിധ്യ മനുസരിച്ചു ഉദ്യോഗങ്ങളിൽ നിയമനം നടത്തിയാൽ കൈക്കൂലി വർദ്ധിക്കുകയെ ഉള്ളുവെന്നും അതൊഴിവാക്കാൻ വേണ്ടതു ചെയ്യണമെന്നും ഉൽബോധിപ്പിച്ചു.

മി: എൻ. ഡി. ജോസ്—അഴിമതി നിറുത്താൻ ഒരു ഭേദഗതി രൂപവൽക്കരിച്ചില്ലെങ്കിൽ ഈ പ്രമേയം എത്രമാത്രം പ്രയോജനപ്രദമാകുമെന്നു് എനിക്കു മനസ്സിലാകുന്നില്ല മിസ്സ് സാമുവലിനോടു പെരുമാറിയവിധം നമ്മുടെ ഉദ്യോഗസ്ഥന്മാരോടു് പെരുമാറുകയാണെങ്കിൽ നമ്മുടെ സർവീസ് എത്രത്തോളം കാര്യക്ഷമമായിരിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. കാര്യക്ഷമതയില്ലാത്തവരെ സർവീസിലിരുത്തണമെന്നു ഞാൻ പറയുന്നില്ല.

മി: ചിദംബരനാഥനാടാർ: പ്രമേയത്തെ എതിർക്കുന്നു.

മി: നാണു:— മനസ്സിലാക്കിയാണോ?

മി: നാടാർ:—മനസ്സിലാക്കാതെ എതിർക്കുന്നു. കാര്യക്ഷമത എന്താണു്? മിസ്സ് സാമുവേലിനു കാര്യക്ഷമതയില്ലായിരുന്നോ?

മി. മജീദ്—മി: നാണുവിന്റെ പ്രമേയത്തെ അനുകൂലിച്ചു.

മന്ത്രി ഏ. ജെ. ജോൺ— പ്രമേയം ഇതെപടി സ്വീകരിക്കുവാൻ നിവൃത്തിയില്ല. പ്രമേയത്തിന്റെ തത്വത്തോടു് പരിപൂർണ്ണമായി യോജിക്കുന്നു. ഇതിനു ഒരു ഭേദഗതി കൂടി കയും ചെയ്യണമെന്നാണു് എന്റെ അഭിപ്രായം.

ടാഗോർ

[സാഹിത്യമാസിക]

ഒന്നാംലക്കം പുറപ്പെട്ടിരിക്കുന്നു.

വാർഷികവരിസംഖ്യ രൂപാ 5 (മുൻകൂർ)

ഏജൻറന്മാരെ ആവശ്യമുണ്ടു്.

മാനേജർ, ടാഗോർ, കൊല്ലം.

ശ്രീ. വേലുത്തമ്പിദളവ

ആത്മബലിയർപ്പിച്ച മണ്ണടിയിൽ ഉച്ചബലി മഹോത്സവം

— 124 കുംഭം 18-ാംനു- —

പ്രസ്തുത ഉത്സവം മുൻകൊല്ലങ്ങളെ അപേക്ഷിച്ചു കൂടുതൽ പരിപാടികളോടുകൂടി നവീനരീതിയിൽ നടത്തുന്നതാണു്.

പ്രോഗ്രാമുൾപ്പെടെയുള്ള പരസ്യം പിന്നാലെ.

ഉടമസ്ഥൻ—മംഗലത്തു പണിക്കർ: കേരളൻ കൃഷ്ണൻ (ഒപ്പ്)

പരസ്യം

അരുക്കററി ചവുക്കുവക കസ്റ്റംസ് ബോട്ടിന്റെ ഉപയോഗത്തിൽ ഇരുന്നതും കേടുവന്നതുമായ പഴയ മുഡൽ രണ്ടു സിലിൻഡർ ഉള്ളതും 6 മുതൽ 9 വരെ കുതിരശക്തിയുള്ളതുമായ ഒരു കേൻവിൽ എൻജിനു ഉപകരണങ്ങളോടുകൂടെ അരുക്കററി ചവുക്കുവക ഇൻസ്പെക്ടരാഫീസിൽ വച്ചു 1124 കുംഭമാസം 29—ാം തിയതി പകൽ മൂന്നു മണിക്കു അരുക്കററി അസിസ്റ്റന്റു എക്സൈസു കമ്മീഷണർ പരസ്യമായി ലേലം ചെയ്യുന്നതാകുന്നു. ലേലത്തിൽ ചേരണമെന്നാഗ്രഹിക്കുന്നവർ മുൻകൂട്ടി ഹാജരായി 50 രൂപാ നിരതദ്രവ്യം കെട്ടിവച്ചു ലേലത്തിൽ പങ്കുകൊള്ളേണ്ടതും ഏററവും കൂടുതൽ തുകയ്ക്കു വിളി കേൾക്കുന്നവരുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും അയാൾ നിരതദ്രവ്യം വകവച്ചു ബാക്കി തുക ഉടൻതന്നെ അടച്ചു എൻജിനു മാററിക്കൊള്ളേണ്ടതും മററുള്ളവരുടെ നിരതദ്രവ്യം മടക്കിക്കൊടുക്കുന്നതുമാകുന്നു.

പി. കെ. വേലായുധൻ (ഒപ്പ്)
എക്സൈസു കമ്മീഷണർക്കു വേണ്ടി

എക്സൈസു കമ്മീഷണരാഫീസ്,
തിരുവനന്തപുരം
5—7—1124

വരിസംഖ്യ

(എല്ലാപ്പോഴും മുൻകൂർ)

	രൂ:	ണ.	സ.
ഏജൻസിവഴി	1	12	0
തപാലിൽ	2	0	0
അഞ്ചലിൽ	1	14	0

ഒററപ്രതി 2ചക്രം

പരസ്യം

എല്ലാഡിപ്പാർട്ടുമെന്റുകളെക്കാളും നീതിന്യായവകുപ്പ് നന്നായിരിക്കണമെന്നുള്ള അഭിപ്രായത്തോടു് യോജിക്കുന്നു. പൊതുവെയുള്ള വിമർശനങ്ങൾ കൊണ്ടു പ്രയോജനമില്ല. ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെപ്പററിയുള്ള അഴിമതികൾ മെമ്പറന്മാരോ, മററാരെങ്കിലുമോ, ശരിയായവിധത്തിൽ ഹൈക്കോടതിയെയോ, ഗവർമ്മെന്റിനെയോ അറിയിച്ചാൽ ആ നിമിഷത്തിൽതന്നെ അതെപ്പററി വേണ്ട കർശനമായ നടപടികൾ എടുക്കുന്നതാണെന്നു് ഞാനു അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു.

മി. കെ. ഏ. മാത്യു—പരാതികൾ കൊടുത്താൽ പ്രയോജനമില്ലെന്നറിയാമോ?

മന്ത്രി മി: ജോൺ:—പരാതി കൊടുത്തശേഷം ഹൈക്കോടതി ജഡ്ജിമാരോ മററാരെങ്കിലുമോ അന്വേഷണത്തിനു ചെല്ലുമ്പോൾ അനുദ്യോഗസ്ഥന്മാർ വേണ്ട തെളിവുകൾ കൊടുക്കാൻ സന്നദ്ധരാകാതെ കാണപ്പെടുന്നതാണു് അതിനു കാരണം.

അന്വേഷണം നടത്തുന്നതിനു മുൻകൂട്ടി അറിവു കൊടുക്കാതെ വരുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്യാം. സാമുദായികമോ, മതാടിസ്ഥാനത്തിലോ, ഉദ്യോഗസ്ഥന്മാരെപ്പററി പരാതി അയയ്ക്കാതിരിക്കുവാൻ അനുദ്യോഗസ്ഥന്മാർ ശ്രമിക്കേണ്ടതാണു് ഇപ്പോൾ ഗവണ്മെന്റുഭാഗത്തുനിന്നും അഴിമതി നിരോധനബിൽ ഹാജരാക്കുന്നുണ്ടു്. അഴിമതിയും കൈക്കൂലിയും ഉണ്ടെന്നുള്ള ധാരണയെ അടിസ്ഥാനപ്പെടുത്തി, അവ ഇല്ലാതാക്കണമെന്നുള്ള ഉദ്ദേശത്തിലാണു് ഈ ബിൽ കൊണ്ടുവരുന്നതു്. ഇക്കാര്യത്തിൽ അനുദ്യോഗസ്ഥന്മാരുടെ പരിപൂർണ്ണമായ സഹായമുണ്ടാകുമെന്നു് പ്രതീക്ഷിക്കുന്നു. അഴിമതി ഉണ്ടെന്നുപറയാതെ വ്യക്തമായി അഴിമതിക്കാരെപ്പററി പറയേണ്ടതാവശ്യമാണു്. ഈ ഗവണ്മെന്റു ജുഡീഷ്യറിയിൽ യാതൊരു വിധത്തിലും കൈകടത്തുകയില്ലെന്നു് വളരെ വ്യക്തമായ ഭാഷയിൽ ഞാനു പ്രസ്താവിക്കുന്നു. ജുഡീഷ്യറിയിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ അഴിമതിക്കാരാണെന്നു ബോദ്ധ്യപ്പെടുത്തുന്നപക്ഷം ഒരു മിനിററു പോലും ആ ഉദ്യോഗസ്ഥനെ സർവീസിൽ